


പ്രതീക്ഷയുടെ
പൂമൊട്ടുകൾ
വാല്യം 35 ലക്കം ജൂലൈ 2017 വാർഷിക വരിസംഖ്യ ₹ 100
പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്



# പിതൃമൊഴി

## ദൈവദാസൻ ബിഷപ്പ് വില്യം ജക്വീന്താ

***പിതാവേ,*** അങ്ങയുടെ തിരുക്കുമാരൻ അങ്ങയെ സ്നേഹിക്കുകയും സ്നേഹപൂർവം അങ്ങയെ വിളിക്കുകയും ചെയ്ത അതേ മാധുര്യത്തോടുകൂടിത്തന്നെ അങ്ങയെ സ്നേഹിക്കുവാനും അങ്ങയെ ആബാ – പിതാവേ എന്നു വിളിക്കുവാനും ഞങ്ങളെ പഠിപ്പിക്കണമേ.

***പിതാവേ,*** അങ്ങയുടെ പ്രിയപുത്രിയായ പരിശുദ്ധ കന്യകാമറിയത്തിന് അങ്ങയോടുണ്ടായിരുന്ന സ്നേഹത്തിന്റെ ഒരു കണികയെങ്കിലും ഞങ്ങൾക്കു മനസ്സിലാക്കിത്തരണമേ.

***പിതാവേ,*** ഞങ്ങളുടെ തലയിലെ ഓരോ മുടിയിഴനാരുകൾപോലും എണ്ണിത്തിട്ടപ്പെടുത്തിയവനാണല്ലോ അങ്ങ്. അങ്ങയുടെ പരിപാലനയിൽ ആശ്രയം വയ്ക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ.

***പിതാവേ,*** അങ്ങയോടു ചോദിക്കുന്നവർക്ക് അങ്ങ് എപ്പോഴും സമൃദ്ധിയിൽ കൊടുക്കുന്നവനാണല്ലോ. അങ്ങയുടെ നിരന്തര സഹായത്തിൽ പൂർണമായി ആശ്രയം വയ്ക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

***പിതാവേ,*** അങ്ങ് വയലിലെ പുഷ്പങ്ങളെയും ആകാശത്തിലെ പറവകളെയും പരിപാലിക്കുന്നവനാണല്ലോ. അങ്ങ് ഞങ്ങളുടെ സമീപത്തുനിന്നും ഒരിക്കലും അകന്നുപോകരുതേ.

***പിതാവേ,*** ഗത്സെമനിയിലും കാൽവരിയിലെ കുരിശിലുംവച്ച് അങ്ങയുടെ തിരുസുതൻ അങ്ങയെ വിളിച്ചപേക്ഷിച്ചുവല്ലോ. വേദനയുടെ നിമിഷങ്ങളിൽ അങ്ങ് ഞങ്ങൾക്കു ശക്തിയായിരിക്കണമേ.

***പിതാവേ,*** അങ്ങയുടെ പുത്രനായ ഈശോ ഞങ്ങളെ പഠിപ്പിച്ച പ്രാർത്ഥനയിലൂടെ അങ്ങയെ വിളിച്ചപേക്ഷിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

പ്രതീക്ഷയുടെ

# പൂമൊട്ടുകൾ

വാല്യം 35 കൈത്താ ലക്കം ജൂലൈ 17

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം"* (1 തെസ 4,3)

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ലിജോ കരിന്തകരയ്ക്കൽ എ.ഒ.**

**വാർഷിക വരിസംഖ്യ ₹100/-**

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. **Tel: 2570862**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- മാർ ശെമയോൻ ബർസബായും സഹരക്ത സാക്ഷികളും... 05
- സഭ: നമ്മിലൂടെ ജീവിക്കുന്ന മിശിഹാ 07
- ഡിലീറ്റ് 10
- കൈത്താക്കാലം: പ്രാർത്ഥനയുടെ കൊയ്ത്തുകാലം 12
- സെനക്കിൾ തരംഗം 16
- അനുസരണം അടിമത്തമല്ല 17
- വിശുദ്ധിയുടെ മുത്തുകൾക്ക് 18-19
- പ്രവർത്തനനിരതമാകുന്ന ദൈവകാരുണ്യം 21
- നവമാധ്യമങ്ങളും വിമർശനവും 23
- ഫലമേകുവാൻ 26
- കരതാരിൽ കനകപ്രഭയോടെ 28
- ഇത്തിൾക്കണ്ണിയുടെ ആദ്ധ്യാത്മികത 31
- ആകാശ് മൊബൈൽ ഷോപ്പ് 33
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 34

എഡിറ്റോറിയൽ

# പിന്തുടരേണ്ട പാത

ഐ. എസ്. ഭീകരരിൽനിന്നും ഇറാഖ് സേന മൊസൂൾ മോചിപ്പിച്ചതിന്റെ വാർത്ത ജൂലൈ 10-ാം തീയതിയിലെ ദിനപത്രങ്ങൾ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചു. എട്ടു മാസം നീണ്ടപോരാട്ടത്തിനൊടുവിൽ സൈന്യം മൊസൂൾ പിടിച്ചെടുത്തപ്പോൾ അവശേഷിച്ചത് തകർന്നു തരിപ്പണമായ നഗരവും ദുർഗന്ധം വമിപ്പിക്കുന്ന മൃതദേഹങ്ങളുമാണ്. ശവപ്പറമ്പായി മാറിയ മൊസൂളിൽ ചിതറിക്കിടന്നത് ഭീകരന്മാരുടെയും സൈനികരുടെയും ശവശരീരങ്ങൾമാത്രമായിരുന്നില്ല, ആയിരക്കണക്കിനു നഗരവാസികളുടേതുമായിരുന്നു. പത്തുലക്ഷത്തോളംപേർ അവിടെനിന്നും പലായനം ചെയ്തു. രക്ഷാസങ്കേതം തേടിയുള്ള ആ യാത്രയിൽ അവരിൽ പലർക്കും ജീവൻ നഷ്ടപ്പെട്ടു. വിവിധ രാജ്യങ്ങളിലും അഭയാർത്ഥിക്യാമ്പുകളിലും ചെന്നെത്തിയവർക്ക് എന്തെല്ലാം ദുരിതങ്ങൾ നേരിടേണ്ടി വന്നിരിക്കുന്നു! ഇസ്ലാമിക് കാലിഫേറ്റ് സ്ഥാപിക്കാനുള്ള കുത്സിതശ്രമത്തിൽ ചില സങ്കുചിതമനസ്സുകൾ വരുത്തിവച്ച ദുരന്തങ്ങൾ!

ഇത് കൈത്താക്കാലം... ശ്ലീഹന്മാരുടെ അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ട സഭ ലോകമെങ്ങും വളർന്ന് വികസിച്ച് വിശ്വാസത്തിന്റെയും സുകൃതങ്ങളുടെയുമെല്ലാം ഫലം പുറപ്പെടുവിക്കുന്നതു ധ്യാനവിഷയമാക്കുന്ന കാലം. തിരുസഭ വളർന്നത് സഭയ്ക്കു പുറത്തുള്ളവരുടെ രക്തമൊഴുക്കിയല്ല, വിശ്വാസത്തിനുവേണ്ടി ജീവൻ ത്യജിച്ചവരുടെ ചുടുനിണത്താലാണ്. ലോകത്തിൽനിന്നും നിർമ്മാർജ്ജനം ചെയ്യാൻ ശ്രമിച്ചാലും ദൈവത്തിന്റെ സഭ നിലനില്ക്കുമെന്ന് രണ്ടായിരം വർഷത്തിനുമേലുള്ള ചരിത്രം വെളിവാക്കുന്നുണ്ടല്ലോ. സഭയുടെ വളർച്ചയിൽ പങ്കുചേർന്ന എല്ലാ രക്തസാക്ഷികളെയും നന്ദിയോടെ സ്മരിക്കുന്നതോടൊപ്പം വിശ്വാസത്തിനുവേണ്ടി ഇന്നും പീഡകളനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങളുടെ വേദനയിൽ പങ്കുചേർന്ന് അവർക്കുവേണ്ടി നമുക്ക് തിരുസന്നിധിയിൽ മനമുയർത്തുകയും ചെയ്യാം.

ലക്ഷ്യം നേടാൻ ഏതു നീചമാർഗത്തെയും സാധൂകരിക്കുന്ന ഈ ലോകത്തിൽ, സഭാമക്കൾ പിന്തുടരേണ്ട മാർഗമേതാണെന്ന് കൈത്താക്കാലം ഞായറാഴ്ചയിലെ ഓനീസാ ദ്സപ്രായിലൂടെ സഭാമാതാവ് ചൂണ്ടിക്കാണിക്കുന്നുണ്ട്: "നന്മനിറഞ്ഞൊരു പാതയിലൂടെ/ സത്യത്തിൻ തെരുവീഥിയിലൂടെ/ ക്ഷമ,വിനയാദി തടങ്ങളിലൂടെ/ വിശ്വാസത്തിൻ സരണിയിലൂടെ/ സ്നേഹത്തിൻ ചുവടടികളിലൂടെപ്പായുക നീ നിൻ ലക്ഷ്യം നേടാൻ". സഭയുടെ മാതൃകയും മാതാവുമായ പരി. കന്യകാമറിയത്തിന്റെ ജനനത്തിരുനാളും സ്വർഗാരോപണത്തിരുനാളും, ഒപ്പം ഭാരതാംബയുടെ സ്വാതന്ത്ര്യദിനവും ആഘോഷിക്കുന്ന ഈ കാലയളവിൽ, ദൈവമക്കൾക്കടുത്ത യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും വളർച്ചയിലേക്കും നടന്നടുക്കുവാൻ പരി. അമ്മയുടെ മാദ്ധ്യസ്ഥ്യം നമുക്കു ശക്തിപകരട്ടെ.

ചീഫ് എഡിറ്റർ

# മാർ ശെമയോൻ ബർസബായും സഹരക്തസാക്ഷികളും: ആനുകാലിക സഭയ്ക്കൊരു പ്രചോദകശക്തി



**സി.ഡോ.റോസ്‌ലിൻ S.S.T.**
ബേത്തോമാ ദയറ, പാലമറ്റം

ഏകദേശം രണ്ടായിരം വർഷങ്ങൾ നീണ്ട സഭയുടെ ചരിത്രത്തിൽ തന്റെ അനേകായിരം മക്കൾ സുവിശേഷത്തിനുവേണ്ടി രക്തസാക്ഷിത്വമകുടം ചൂടുന്നത് അഭിമാനത്തോടെ നോക്കി നിന്നവളാണ് സഭാമാതാവ്. ആദ്യനൂറ്റാണ്ടുകളിൽ റോമായിലും സിറിയായിലും പേർഷ്യൻനാടുകളിലുമൊക്കെ സഭ നേരിട്ട അതിക്രൂരമായ മതമർദ്ദനങ്ങളെ അതിശയിക്കുന്ന നിഷ്ഠൂര പീഡനങ്ങളാണ് ഇന്ന് ലോകത്തിന്റെ വിവിധഭാഗങ്ങളിൽ സുവിശേഷത്തിനും ഈശോയിലുള്ള വിശ്വാസത്തിനുംവേണ്ടി നമ്മുടെ സഹോദരർ ഏറ്റുവാങ്ങുന്നത്. സഭയുടെ ഈറ്റില്ലങ്ങൾ ശൂന്യമായിക്കൊണ്ടേയിരിക്കുന്നു. സഭാമക്കൾ കൂട്ടത്തോടെ പലായനം തുടരുന്നു. മനുഷ്യമനസ്സിന് ചിന്തിക്കാൻ കഴിയുന്നതിന് അപ്പുറമുള്ള ആ ക്രൂരതയുടെ വളരെ ചെറിയ ഒരംശം മാത്രമേ സാമൂഹ്യമാദ്ധ്യമങ്ങളിലൂടെ നാം അറിയുന്നുള്ളൂ.

കൈത്താക്കാലത്തിൽ വിശ്വാസത്തിനുവേണ്ടി ജീവനർപ്പിച്ച സഹദാമാരെ പരിശുദ്ധ മദ്ബഹായിൽ നന്ദിയോടെ നാം അനുസ്മരിക്കുമ്പോൾ ലോകത്തിന്റെ പലഭാഗങ്ങളിലും വിശ്വാസത്തിനുവേണ്ടി ജീവനർപ്പിക്കേണ്ടിവരുന്ന നമ്മുടെ സമകാലികരായ ഇന്നിന്റെ രക്തസാക്ഷികളേയും ആദരവോടും സ്നേഹത്തോടുംകൂടി നമുക്ക് ഓർക്കാം. ഈ അടുത്തകാലത്ത് ഈശോമിശിഹായെ തിരസ്കരിച്ചുപറയാതെ കൂട്ടത്തോടെ രക്തസാക്ഷിത്വം വരിച്ച ഈജിപ്തിലെ നമ്മുടെ കോപ്റ്റിക് സഹോദരങ്ങൾ നമ്മെ ഓർമ്മിപ്പിക്കുക, 4-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇതുപോലെ തന്നെ ഷാപ്പൂർ രണ്ടാമൻ ചക്രവർത്തി

യുടെ മുൻപിൽ ധീരതയോടെ നിലകൊണ്ട സെലൂഷ്യാ-സ്റ്റെസിഫോണിന്റെ കാതോലിക്കോസ് മാർ ശെമയോൻ ബർസബായേയും അദ്ദേഹത്തോടൊപ്പം സഹദാമാരായി തീർന്ന നൂറോളം ധീരാത്മാക്കളേയുമാണ്. കൈത്താക്കാലം ആറാം വെള്ളിയാഴ്ച പൗരസ്ത്യസുറിയാനി സഭ അവരുടെ സ്മരണ കൊണ്ടാടുന്നു.

തന്റെ സുഹൃത്തായിരുന്ന ഷാപ്പൂർ രണ്ടാമൻ രാജാവിനുവേണ്ടി സ്വന്തം ജനത്തിൽനിന്നും ഇരട്ട നികുതി പിരിക്കാൻ നിർബന്ധിതനായപ്പോൾ രാജശാസനം ലംഘിക്കുവാൻ ഉത്തമമെത്രാനായിരുന്ന മാർ ശെമയോൻ സധൈര്യം മുന്നോട്ടുവന്നു. രാജാവിന് അദ്ദേഹം നല്കിയ മറുപടി നമ്മിൽ ആവേശം ജനിപ്പിക്കും:

> *കഠിനവും കൈപ്പേറിയതുമായ നികുതിക്കുവേണ്ടി എന്റെ ജീവിതം മരണത്തിൽനിന്ന് കാത്തുസൂക്ഷിക്കുവാനോ ദൈവത്തിന്റെ ദാസരുടെ ജീവിതങ്ങൾ പണയം വയ്ക്കാനോ എനിക്കിടയാകാതിരിക്കട്ടെ.... എന്റെ ജനത്തിനുവേണ്ടി ഞാനെന്റെ രക്തം നല്കും. എന്റെ ആടുകൾക്കുവേണ്ടി വാളിനു കീഴിൽ ഞാനെന്റെ കഴുത്ത് കുനിക്കാം.*

സൂര്യനെ ദൈവമായി ആരാധിക്കണമെന്നുള്ള ഷാപ്പൂറിന്റെ കല്പനയും അദ്ദേഹം ധീരതയോടെ അവഗണിച്ചു. സൂര്യാരാധന തന്റെ യുക്തിക്ക് നിരക്കാത്തതാണെന്ന് അദ്ദേഹം സമർത്ഥിച്ചു:

> *എന്റെ നാഥനായ രാജാവേ, എന്റെ എല്ലുകൾ ചുട്ടു ചാമ്പലാക്കാനുള്ള കല്പന അങ്ങ് പുറപ്പെടുവിച്ചാലും ഈ കല്പന ഞാനനുസരിക്കില്ല. ബുദ്ധിയുള്ള ഞാൻ ബുദ്ധിയില്ലാത്ത ഒന്നിനെ ആരാധിക്കില്ല. ജീവനുള്ള ഞാൻ മരിച്ച ഒന്നിനെ ആരാധിക്കില്ല.*

രാജകോപത്തിനിരയായ മാർ ശെമയോനേയും അദ്ദേഹത്തിന്റെ കൂട്ടാളികളെയും ശിരച്ഛേദനം ചെയ്യുവാൻ രാജാവ് കല്പന പുറപ്പെടുവിച്ചു. കാതോലിക്കോസാകട്ടെ തന്റെ ജനത്തെ വിശ്വാസത്തിലുറപ്പിക്കാൻ അതിശക്തമായ പ്രബോധനമാണ് നല്കിയത്. മെത്രാൻ തന്റെ അജഗണങ്ങളെ മുഴുവൻ വിളിച്ചുകൂട്ടി പറഞ്ഞു:

> *ഭയപ്പെടരുത്. നിങ്ങൾക്കുവേണ്ടി കർത്താവീശോ സഹിച്ച നിന്ദനങ്ങൾ കാണുവിൻ. അവന്റെ സ്ലീവായെ പരിഗണിക്കുവിൻ. ഒരിക്കലും കൊടുത്തുവീട്ടാൻ കഴിയാത്ത കടമാണ് നിങ്ങൾക്കവനോടുള്ളത്... അതുകൊണ്ട് കഴിവുള്ളിടത്തോളം നമുക്കത് കൊടുത്തു വീട്ടാം. തികച്ചും അപര്യാപ്തമെങ്കിലും നമ്മുടെ മരണം അവന്റെ മരണത്തിനു പകരമായി നൽകാം.*

അദ്ദേഹത്തിന്റെ ധീരനേതൃത്വത്തിൽ ധൈര്യം കൈവരിച്ച ആ സഭാസമൂഹത്തിലെ ഏകദേശം നൂറോളം പേരാണ് കാതോലിക്കോസിന്റെ കൺമുമ്പിൽ വച്ച് ഏ.ഡി. 337 ലെ പീഡാനുഭവ വ്യാഴാഴ്ച രക്തസാക്ഷിത്വം വരിച്ചത്. പിറ്റേന്ന് പീഡാനുഭവ വെള്ളിയാഴ്ച 3-ാം മണിക്കൂറിൽ മാർ ശെമയോനും സ്വന്തം ജനത്തിനുവേണ്ടി തന്റെ ജീവൻ നല്കി. അദ്ദേഹത്തിന്റെ ശിരസ്സ് ഛേദിക്കപ്പെട്ട ആ നാഴികയിൽ ഈശോയുടെ മരണത്തിൽ സംഭവിച്ചതുപോലെ തന്നെ സൂര്യൻ മറയ്ക്കപ്പെടുകയും ഭൂമി മുഴുവൻ ഇരുളു വ്യാപിക്കുകയും ചെയ്തു.

'ബർസബാ' എന്ന വാക്കിന്റെ അർത്ഥം വസ്ത്രങ്ങൾക്ക് നിറം പൂശുന്നവരുടെ മകൻ എന്നാണ്. അദ്ദേഹത്തിന്റെ മാതാപിതാക്കൾ ഒരുപക്ഷേ രാജകീയ ധൂമ്രവസ്ത്രം നിർമ്മിക്കുന്നവരായിരുന്നിരിക്കാം. എന്നാൽ മാർ ശെമയോനാകട്ടെ "തന്റെ ആത്മാവിന്റെ അങ്കികൾ തന്റെ തന്നെ രക്തത്തിൽ മുക്കി" സ്വർഗ്ഗരാജ്യത്തിനുവേണ്ടി ശോഭയാർന്നവയാക്കി; അജഗണങ്ങൾക്കുവേണ്ടി സ്വജീവൻ ഹോമിച്ച മിശിഹായോട് അക്ഷരാർത്ഥത്തിൽ താദാത്മ്യപ്പെട്ടു. അങ്ങനെ വിശ്വാസസമൂഹത്തിന്റെ സംരക്ഷകരാകേണ്ട മെത്രാന്മാർക്കെല്ലാം ഒരു മഹനീയ മാതൃകയായി തിരുസഭയുടെ മടിയിൽ ഈ നല്ലിടയൻ ഉത്തമഫലമായി ശോഭിക്കുന്നു.

# സഭ: നമ്മിലൂടെ ജീവിക്കുന്ന മിശിഹാ



സെനക്കിൾ ആദ്ധ്യാത്മികത - 43

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**

സെനക്കിളിൽ ഈശോ നല്കിയ അന്ത്യപ്രഭാഷണത്തിൽ ആശ്വാസപ്രദനായ അരൂപിയെ വാഗ്ദാനം ചെയ്യുകയും പരിശുദ്ധാരൂപിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ശിഷ്യഗണത്തോടു സംസാരിക്കുകയും ചെയ്തു. ഈശോ പോയാൽ മാത്രമേ അരൂപി വരികയുള്ളു എന്ന് പ്രത്യേകം എടുത്തുപറയുന്നുണ്ട്: "സത്യം ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങളുടെ നന്മയ്ക്കുവേണ്ടിയാണ് ഞാൻ പോകുന്നത്. ഞാൻ പോകുന്നില്ലെങ്കിൽ, സഹായകൻ നിങ്ങളുടെ അടുത്തേക്കു വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കലേക്കു ഞാൻ അയയ്ക്കും" (യോഹ 16,7). ഈശോമിശിഹാ തന്റെ ശിഷ്യസമൂഹമായ സഭയിലേക്ക് അരൂപിയെ അയയ്ക്കുന്നതിന്റെ പ്രധാനപ്പെട്ട ലക്ഷ്യം തന്റെ രക്ഷാകരപ്രവർത്തനം സഭയിൽ തുടർന്നും നിർവഹിക്കുക എന്നതാണ്. അരൂപിയിലൂടെ മിശിഹാതന്നെയാണ് സഭയിൽ ജീവിക്കുന്നതും തന്റെ രക്ഷാകരപ്രവർത്തനം നിർവഹിക്കുന്നതും.

പ്രതീക്ഷയുടെ പൂമൊട്ടുകൾ

### പരിശുദ്ധാരൂപി: മിശിഹായുടെ അരൂപി

മിശിഹായുടെ രക്ഷാകരപ്രവർത്തനത്തിന്റെ ഫലമായി നല്കപ്പെട്ട അരൂപി മിശിഹായുടെ അരൂപിതന്നെയാണ്. യോഹന്നാൻ സുവിശേഷകൻ ഇത് വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്. തന്റെ ഉത്ഥാനത്തിനുശേഷം ഈശോ ശിഷ്യസമൂഹത്തിനു പരിശുദ്ധാത്മാവിനെ നല്കുന്ന രംഗം ഇതിനു തെളിവാണ്: "ഇതു പറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ 20,22-23). യോഹന്നാന്റെ പന്തക്കുസ്താ എന്നാണ് ഈ സുവിശേഷഭാഗം അറിയപ്പെടുന്നത്. തന്റെ പീഡാനുഭവ, മരണ, ഉത്ഥാനങ്ങളിലൂടെ ഈശോ പൂർത്തിയാക്കിയ രക്ഷാകരകർമ്മത്തിന്റെ ഫലമായി, മനുഷ്യകുലത്തിന് പാപത്തിലൂടെ നഷ്ടപ്പെട്ടിരുന്ന, ദൈവാരൂപി വീണ്ടും നല്കപ്പെട്ടു. ആ പരിശുദ്ധാരൂപി നല്കപ്പെട്ടത് മിശിഹായുടെ നിശ്വസനത്തിലൂടെയാണ്. നിശ്വസനം ജീവനാണല്ലോ. അതുകൊണ്ട് പരിശുദ്ധാരൂപിയിലൂടെ ഉത്ഥിതനായ മിശിഹാതന്നെ ശിഷ്യസമൂഹമായ സഭയിൽ ജീവിച്ചുകൊണ്ട് മനുഷ്യകുലത്തിനു പാപമോചനവും രക്ഷയും നല്കുന്നതായിട്ടാണ് യോഹന്നാൻ സുവിശേഷകൻ അവതരിപ്പിക്കുന്നത്.

### സഭ: മിശിഹായാകുന്ന മാർഗം

''ഈശോ പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല'' (യോഹ 14,6). പിതാവിന്റെ പക്കലേക്കു പോകുവാനുള്ള ഏകമാർഗമായി സ്വയം അവതരിപ്പിക്കുന്ന ഈശോ ഇന്ന് അപ്രകാരം മാർഗമായിത്തീരുന്നത് സഭയിലൂടെയാണ്. കാരണം പരിശുദ്ധാരൂപിയെ വാഗ്ദാനം ചെയ്തുകൊണ്ട് ഈശോ ഇപ്രകാരം പറയുന്നു: "ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടുകൂടെയായിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്നു നിങ്ങൾക്കു തരികയും ചെയ്യും. ഈ സത്യാത്മാവിനെ സ്വീകരിക്കാൻ ലോകത്തിനു സാധിക്കുകയില്ല. കാരണം അത് അവനെ കാണുകയോ അറിയുകയോ ചെയ്യുന്നില്ല. എന്നാൽ നിങ്ങൾ അവനെ അറിയുന്നു. കാരണം അവൻ നിങ്ങളോടൊത്തു വസിക്കുന്നു, നിങ്ങളിൽ ആയിരിക്കുകയും ചെയ്യും". ഇപ്രകാരം വാഗ്ദാനം ചെയ്ത പരിശുദ്ധാരൂപിയെയാണ് ഉത്ഥാനശേഷം പ്രത്യക്ഷപ്പെട്ടപ്പോൾ തന്റെ നിശ്വസനമായി ഈശോ നല്കിയത്. അവരിലും അവരോടൊത്തും വസിക്കുന്ന പരി

ശുദ്ധാരൂപി, ഉത്ഥിതനായ മിശിഹായുടെ അരൂപിതന്നെയാണ്. അതുകൊണ്ടുതന്നെയാണ് 'മാർഗ്ഗ'മായ മിശിഹാ വസിക്കുന്ന സഭയും പില്ക്കാലത്ത് 'മാർഗ്ഗം' എന്നറിയപ്പെടുവാൻ ഇടയായത് (നട 9,2). ഈ അർത്ഥത്തിലാണ് ഈശോ പിന്നീട് ശിഷ്യരോട് ഇങ്ങനെ പറഞ്ഞത്: "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുത്തേക്കു വരും. അല്പസമയംകൂടി കഴിഞ്ഞാൽ പിന്നെ ലോകം എന്നെ കാണുകയില്ല. എന്നാൽ നിങ്ങൾ എന്നെ കാണും. ഞാൻ ജീവിക്കുന്നു. അതിനാൽ നിങ്ങളും ജീവിക്കും" (യോഹ 14,18-19). അതുകൊണ്ട് സഭ ഉത്ഥാനശേഷം ഈ ലോകത്തിൽ ജീവിക്കുന്ന മിശിഹാതന്നെയാണ്.

**സഭ: മിശിഹായാകുന്ന മുന്തിരിച്ചെടി**

അന്ത്യത്താഴവേദിയിൽ ഈശോ വീണ്ടും പറയുന്നു: "ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്. ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു. എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല" (യോഹ 15,5). ശാഖകളും മുന്തിരിച്ചെടിയും ഒന്നായിരിക്കുന്നതുപോലെ മിശിഹായും മിശിഹായുടെ ശരീരമാകുന്ന സഭയിലെ അംഗങ്ങളും ഒന്നാണ്. 'സഭ മിശിഹായുടെ ശരീര'മാണെന്ന് പൗലോസ്ശ്ലീഹാ പറയുന്നതുപോലെയാണ് (1 കൊറി 12) സഭ മുന്തിരിച്ചെടിയും സഭാംഗങ്ങൾ ശാഖകളുമാണെന്ന് യോഹന്നാൻശ്ലീഹാ പറയുന്നത്. മുന്തിരിത്തണ്ടാകുന്ന ഈശോയെയും ശാഖകളാകുന്ന നമ്മെയും യോജിപ്പിച്ച് ഒരു മൗതികശരീരമാക്കിത്തീർക്കുന്നത് സഭ മുഴുവനിലും നമ്മിലോരോരുത്തരിലും വസിക്കുന്ന പരിശുദ്ധാരൂപിയാണ്. ഇതെല്ലാം വ്യക്തമാക്കുന്നത് സഭ നമ്മുടെ മദ്ധ്യേ ജീവിക്കുന്ന മിശിഹാതന്നെയാണെന്നാണ്. നമ്മിലോരോരുത്തരിലും സഭയിൽ പൊതുവേയും മിശിഹായുടെ രൂപഭാവങ്ങൾ പകരുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളോടു സഹകരിച്ചുകൊണ്ട് സഭയിലുള്ള മിശിഹായുടെ സാന്നിദ്ധ്യം മിഴിവുറ്റതാക്കാൻ നാം പരിശ്രമിക്കണം.

## ഈ വർഷം കൈത്താക്കാലത്തിൽ ആഘോഷിക്കുന്ന തിരുനാളുകൾ

| | | | |
|---|---|---|---|
| ജൂലൈ 23: | പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ (നൂസർദേൽ) | ഓഗസ്റ്റ് 21: | വി. പത്താം പീയൂസ് മാർപാപ്പ |
| ജൂലൈ 25: | മാർ യാക്കോബ് ശ്ലീഹാ | ഓഗസ്റ്റ് 24: | മാർ ബർത്തലോമിയോ ശ്ലീഹാ |
| ജൂലൈ 28: | വി. അൽഫോൻസാ; നിസിബിസിലെ മാർ യാക്കോബ് | ഓഗസ്റ്റ് 25: | മർത്ത് ശ്മോനിയും ഏഴു മക്കളും |
| ഓഗസ്റ്റ് 4: | മാർ മാറി; വി. ജോൺ മരിയ വിയാനി | ഓഗസ്റ്റ് 28: | വി. അഗസ്റ്റിൻ |
| ഓഗസ്റ്റ് 6: | കർത്താവിന്റെ രൂപാന്തരീകരണം | ഓഗസ്റ്റ് 29: | വി. എവുപ്രാസ്യാ |
| ഓഗസ്റ്റ് 11: | വി. ക്ലാര | സെപ്റ്റം.1: | വി. ശിമയോൻ ബർസബായും സഹരക്തസാക്ഷികളും |
| ഓഗസ്റ്റ് 15: | പരി. മറിയത്തിന്റെ സ്വർഗാരോപണം | സെപ്റ്റം.5: | കൽക്കട്ടായിലെ വി. തെരേസ |
| | | സെപ്റ്റം.8: | പരി. മറിയത്തിന്റെ പിറവിത്തിരുനാൾ; മാർ ക്വർദാഗ് സഹദാ |

# ഡിലീറ്റ്



സാബി, കോഴിക്കോട്

**വൈ**കുന്നേരം സ്കൂൾ ബസ്സ് പടിക്കൽ വന്നുനിന്നു. ബസ്സിൽ നിന്നിറങ്ങിയ ഹന്നമോളുടെ മുഖത്ത് പതിവിനു വിപരീതമായി അമർഷത്തിന്റെയും ദുഃഖത്തിന്റെയും നേരിയ നിഴലാട്ടം. അവൾക്ക് ഏറ്റം ഇഷ്ടപ്പെട്ട ന്യൂഡിൽസുപോലും വേണ്ടെന്നുവച്ച് ബാഗും ഷൂസും വലിച്ചെറിഞ്ഞ് മുറിയിൽ പോയി കമിഴ്ന്നൊരു കിടപ്പ്. അമ്മയുടെ ചോദ്യങ്ങൾക്കുപോലും 'ഹും...' എന്നൊരു തണുപ്പൻ മറുപടിയും. അല്പം കഴിഞ്ഞ് പെട്ടെന്നെന്തോ ഓർത്തിട്ടെന്നവണ്ണം ചാടിയെണീറ്റ് അവൾ അമ്മയുടെ മൊബൈൽ എടുത്ത് അതിൽ സേവ് ചെയ്തിരുന്ന സുഹൃത്തുക്കളുടെ നമ്പറുകളെല്ലാം ചറപറ ഡിലീറ്റു ചെയ്തു. എന്നിട്ടും തൃപ്തിവരാതെ അവരുടെ ഓർമ്മയ്ക്കായ് സൂക്ഷിച്ചിരുന്ന ബർത്ത് ഡേ കാർഡുകൾ കത്തിച്ചു ചാമ്പലാക്കി. ഇത്രയുമായപ്പോഴേക്കും

ഞാൻ പതിയെ അടുത്തു ചെന്ന് കാരണം അന്വേഷിച്ചു. താൻ ഡോണയോട് വിശ്വസിച്ചു പറഞ്ഞ കാര്യം അവൾ മറ്റു കൂട്ടുകാരോട് പറയുകയും അവരെല്ലാം ചേർന്ന് തന്നെ കളിയാക്കുകയും ചെയ്തു. എല്ലാവരുടെയും മുമ്പിൽ അവഹേളിതയാകേണ്ടിവന്നത് ഹന്നയ്ക്ക് ഉൾക്കൊള്ളാനേ കഴിഞ്ഞില്ല. അതോടെ തനിക്കു ചുറ്റുമുള്ള സൗഹൃദത്തിന്റെ വാതിലുകൾ പൂർണ്ണമായി അവൾ കൊട്ടിയടച്ചു.

ഇത് ഡിലീറ്റുകളുടെ കാലമാണ്. മനുഷ്യൻ തനിക്ക് അല്പമെങ്കിലും അഹിതം വരുത്തുന്നവ നിമിഷനേരംകൊണ്ട് ഡിലീറ്റു ചെയ്യുന്നു. തന്റെ ക്യാമറയിൽ നിറയുന്ന ഫോട്ടോകൾ, മൊബൈൽ മെസേജുകൾ, ഫാഷനനുസരിച്ച് മാറുന്ന തുണിത്തരങ്ങൾ, വീട്ടുപകരണങ്ങൾ എന്നുവേണ്ട പുതുമയ്ക്കായുള്ള നേട്ടോട്ടത്തിൽ തനിക്ക് ഭാവിയിൽ ഭാരമായി തോന്നാം എന്നു കരുതുന്ന ജന്മം തന്ന മാതാപിതാക്കൾ, കൂടെക്കൂട്ടിയിട്ട് വലിയ പ്രയോജനം ചെയ്യുന്നില്ല എന്നുവരുന്ന ജീവിത പങ്കാളികൾ, കാൽക്കാശിനു വകയില്ലാത്ത മക്കൾ, തുടങ്ങി ചുറ്റും നമുക്ക് അപ്രിയം വരുത്തുന്ന സർവ്വ സൃഷ്ടിജാലങ്ങളുടെയും കടയ്ക്കൽ നാം കോടാലി വയ്ക്കുന്നു.

കാലത്തിനൊത്ത് കോലം കെട്ടി ആടേണ്ടി വരുമ്പോൾ കഴിഞ്ഞ കാലങ്ങളിൽ കഴിഞ്ഞുകൂടാൻ വക നൽകിയ ദൈവത്തെയും ദൈവം കൂട്ടിനു തന്നവരെയും മനസ്സിൽ നിന്നു പടിയിറക്കിവിടുന്നത് നന്ദികേടല്ലേ? പരി. ഫ്രാൻസിസ് മാർപാപ്പാ 'സ്നേഹത്തിന്റെ ആനന്ദം' എന്ന സിനഡനന്തര ആഹ്വാനത്തിൽ കുടുംബജീവിതത്തിന്റെ ആണിക്കല്ലായി പറയുക ചിന്തയിൽ, വാക്കിൽ, പ്രവൃത്തിയിൽ, ബന്ധങ്ങളിൽ നന്ദിയുള്ളവരായിരിക്കുവാനാണ്.

ഇത്രവേഗം കാര്യങ്ങൾ ഡിലീറ്റുചെയ്യുവാൻ മനുഷ്യനറിയാമെങ്കിലും മറക്കേണ്ടവ അവൻ മനഃപൂർവ്വം ഓർത്തുവച്ച് തികഞ്ഞ ശത്രുതാമനോഭാവത്തോടെ പരസ്പരം കടിച്ചുകീറുന്നു എന്നതാണ് അവിശ്വസനീയമായ വസ്തുത. കൊച്ചുകുട്ടികൾക്കുപോലും തന്റെ തെറ്റുകൾക്ക് അപരനോട് 'സോറി'പറയുവാൻ സാധിക്കുന്നില്ല. ക്ഷണികമായ ഈ ജീവിതത്തിൽ എത്രപേരുടെ തെറ്റുകൾ നാം ഇനിയും ക്ഷമിക്കാനുണ്ട്. വേണ്ടവയെ മറക്കാൻ മിടുക്കുകാട്ടുന്ന നമുക്ക് എന്തുകൊണ്ട് വേണ്ടാത്തവയെ മറന്നുകൂടാ? ഇവിടെയാണ് മിശിഹാ വീരപുരുഷനാകുന്നത്. മിശിഹായെ ശരീരത്തിലും മനസ്സിലും ഹൃദയത്തിലും ധരിച്ചുകൊണ്ടു നടക്കുന്ന ഓരോ ക്രിസ്ത്യാനിയും മനസ്സിൽ കോറിയിടേണ്ട പാഠം തള്ളിപറഞ്ഞവനെ സ്നേഹിച്ച, വഞ്ചിച്ചവനെ നെഞ്ചിലേറ്റിയ, ഓടിപ്പോയവനെ തോളിലേറ്റിയ, അറിവോടെ ഉപേക്ഷിച്ചവനെ അരികിലണച്ച, മനഃപൂർവ്വം കുറ്റംചുമത്തിയവനെ അറിവില്ലായ്മയെന്നു കരുതി ക്ഷമ നല്കിയവനെയാണ്. ജീവിതത്തിൽ ക്ഷമ ആർജ്ജിക്കുവാൻ, ക്ഷമിച്ച കർത്താവിനോളം ഉയരുവാൻ തീവ്രമായ പ്രാർത്ഥന കൂടിയേതീരൂ. നാം ഒരു വലിയ മലയിൽ കയറി നില്ക്കുകയാണെന്നു കരുതുക. താഴെ അഗാധമായ ഗർത്തങ്ങളും. നാം ചവിട്ടിയ മലയിൽ നിന്ന് ഒരു കല്ല് അടർന്നു വീണാൽ നമ്മുടെ നെഞ്ചിൽ നിന്നും ഉയരുന്ന ദൈവമേ എന്നുള്ള ആർത്തനാദം എത്ര തീക്ഷ്ണമായിരിക്കും. ആ വിളി കേൾക്കാതിരിക്കാൻ ദൈവത്തിനാവില്ല. ഇതേ തീക്ഷ്ണതയോടെ ക്ഷമയ്ക്കുവേണ്ടി ഒന്നു പ്രാർത്ഥിച്ചാൽ ഒരുപാടുപേർ നമ്മോട് ചേർന്നുനില്ക്കില്ലേ?

ഒരുപക്ഷേ ഉപകരണങ്ങൾക്ക് സ്ഥലപരിമിതി വരുമ്പോൾ 'ഡിലീറ്റ്' അത്യന്താപേക്ഷിതമാണ്. ആവശ്യമെങ്കിൽ തിരിച്ചെടുക്കുകയുമാവാം. എന്നാൽ മനുഷ്യബന്ധങ്ങളെ ഒരിക്കൽ അറത്തുമുറിച്ചാൽ പിന്നീടൊരിക്കലും അത് കൂടിച്ചേരില്ല. എങ്കിൽ ബന്ധങ്ങൾ നെഞ്ചിലേറ്റുവാൻ നമ്മുടെ ഹൃദയം അല്പം വിശാലമാക്കുന്നതല്ലേ ബുദ്ധി!!!

പ്രതീക്ഷയുടെ
പൂമൊട്ടുകൾ

# കൈത്താക്കാലം: പ്രാർത്ഥനയുടെ കൊയ്ത്തുകാലം

ദേവീ മേനോൻ (റോസ് മരിയ)
ബംഗളൂരു

"**ദൈ**വമേ, അങ്ങയുടെ രക്ഷ എന്നെ സമുദ്ധരിക്കട്ടെ!"

ക്രൈസ്തവ പൗരസ്ത്യ സുറിയാനി സഭയിൽ ആരാധനാവത്സരത്തെ 9 കാലങ്ങളായി ഭാഗിച്ചിരിക്കുന്നു. ആദ്ധ്യാത്മിക ജീവിതത്തിലെ വലിയൊരു പുണ്യമാണ് തിരുസഭയുടെ ആരാധനാവത്സരം. പ്രാർത്ഥനയുടെ കൊയ്ത്തുകാലമായ 'കൈത്താ' കാലത്തിലേക്ക് നാം പ്രവേശിക്കുകയാണ്. ശ്ലീഹാക്കാലത്തിന്റെ തുടർച്ചയായാണ് കൈത്താക്കാലം. സൃഷ്ട പ്രപഞ്ചത്തിന്റെ അവസാനദിനത്തെ ലക്ഷ്യമാക്കി തിരുസഭ മുന്നോട്ടു പോകുന്നതിനെ

## ദേവീ മേനോനിൽനിന്ന് റോസ് മരിയയിലേക്ക്

**ഓ**ർമ്മവച്ച നാൾ മുതൽ നാമം ജപിച്ചും അമ്പലങ്ങളിൽ പോയും ഹൈന്ദവ ആചാരങ്ങൾ പിന്തുടർന്നും മുപ്പത്തി മൂന്നര വർഷക്കാലം ചിലവഴിച്ചവൾ. ഹിന്ദു – മുസ്ലീം – ക്രിസ്ത്യൻ മതങ്ങളിലെ ഒരുപോലെയുള്ള കാര്യങ്ങൾ ഉൾക്കൊള്ളിച്ചുള്ള ഗ്രന്ഥരചനോദ്ദേശ്യത്തോടെ ഹിന്ദുമതഗ്രന്ഥങ്ങളും ബൈബിളും ഖുറാനും വായിച്ച് അതിൽനിന്നും ബോധ്യങ്ങൾ ഉൾക്കൊണ്ടവൾ. ഏക – ബഹുദൈവവിശ്വാസങ്ങളും സിക്ക് – ബുദ്ധ – ജൈന – സൗരാഷ്ട്രീയ – യഹൂദമതങ്ങളും പഠനവിഷയമാക്കിയവൾ. യാസീനും ഫാത്തിഹയും ഓതാനും തെറ്റുകൂടാതെ നിസ്കരിക്കാനും അറിയാവുന്നവൾ. ശ്രീദേവീമാഹാത്മ്യത്തിലെ ഒരു അദ്ധ്യായവും ശ്രീമത്ഭഗവത്ഗീതയിലെ ഒരു അദ്ധ്യായവും 3 സഹസ്രനാമങ്ങളും ചില വേദസൂക്തങ്ങളും അമ്പതോളം ശ്ലോക – സ്തോത്ര പ്രാർത്ഥനകളും നിത്യേന ചൊല്ലിയിരുന്നവൾ. വിധിപ്രകാരമുള്ള ആചാരവും ദിക്ബന്ധനവും ചെയ്ത് ശ്രീലളിത സഹസ്രനാമം പാരായണം ചെയ്യുന്നവൾ... അന്ന് അവൾ ദേവീ മേനോൻ... ഇന്ന് അവൾ റോസ് മരിയ.

ഹൈസ്ക്കൂളിലായിരിക്കുമ്പോൾ ആദ്യമായി ബൈബിൾ വാങ്ങി വായിച്ചത് വിമർശിക്കാൻ വേണ്ടി! എന്നാൽ 2009 മുതൽ സ്ഥിരമായി ബൈബിൾ വായിക്കുവാനും പരി. കുർബാനയിൽ പങ്കുചേരാനും തുടങ്ങി. അച്ഛന്റെ വേർപാടു സൃഷ്ടിച്ച വേദനയും ജീവിതത്തിലുണ്ടായ മറ്റു സഹനങ്ങളും സ്വീകരിക്കാൻ കെല്പില്ലാതെ ഈ ലോകത്തു ജീവിക്കാനുള്ള താല്പര്യം നഷ്ടപ്പെട്ട്, നിരാശയുടെ പടുകുഴിയിലാണ്ടു പോയപ്പോൾ അവൾക്കു കരുത്തേകിയത് തിരുവചനവും പരി. കുർബാനയുമാണ്. 33 വർഷത്തെ ജീവിതം മാറ്റി വരയ്ക്കാൻ തീരുമാനിച്ചത് ഒറ്റ രാത്രികൊണ്ടല്ല. ഈശോയെ ഇഷ്ടമാണെങ്കിലും മരണംവരെ ഹിന്ദുവായിരിക്കും എന്നു പറഞ്ഞത് മലയാറ്റൂർമല നാലാം സ്ഥലം മുതൽ മുട്ടിൽ കയറി തൊലിയടർന്ന മുട്ടുമായിനിന്ന്

യാണ് കൈത്താക്കാലം സൂചിപ്പിക്കുന്നതെന്ന് സഭാപിതാക്കന്മാർ നമ്മളെ പഠിപ്പിക്കുന്നു.

'ശ്ലീഹാ' എന്ന സുറിയാനി പദത്തിന്റെ അർത്ഥം 'അയയ്ക്കപ്പെട്ടവൻ' എന്നാണല്ലോ. ഈശോമിശിഹായുടെ സ്വർഗ്ഗാരോഹണം കഴിഞ്ഞ് പത്താമത്തെ ദിവസമായ പന്തക്കുസ്താദിനത്തിൽ ദൈവകൃപയുടെ വാഗ്ദാനമായ പരിശുദ്ധാത്മാവിനെ ശ്ലീഹന്മാർ സ്വീകരിക്കുന്നു. അതിനുശേഷം നാം ശ്ലീഹന്മാരുടെ മറ്റൊരു മുഖമാണ് കാണുന്നത്. ദൈവസ്നേഹത്താലും വിശ്വാസത്താലും തീക്ഷ്ണമതികളായ ശ്ലീഹന്മാർ പൂർണ്ണസമർപ്പണത്തോടെ ഈശോയെ നിർഭയം പ്രഘോഷിക്കുന്നു. വി. പത്രോസും മറ്റ് 11 ശ്ലീഹന്മാരും ചേർന്ന് ആദ്യക്രൈസ്തവസഭയ്ക്ക് രൂപം കൊടുത്തത് ജനസമൂഹത്തിനു സമക്ഷമാണ്. വിശ്വസിച്ചവർ എല്ലാം ഒറ്റസമൂഹമായി തിരുസ്സഭ അന്ന് രൂപംകൊണ്ടു. ഈശോയുടെ രക്ഷാകരപദ്ധതിയുടെ ഭാഗഭാക്കാകാനാണ് തിരുസ്സഭ നമ്മെ മാമ്മോദീസാ എന്ന കൂദാശയിലൂടെ ക്ഷണിക്കുന്നത്.

ഈശോയുടെ രക്ഷാകരപദ്ധതി നമ്മിലൂടെ തുടർന്നുകൊണ്ടിരിക്കുന്നു എന്ന ബോധ്യത്തോടെ തിരുസഭയോടു ചേർന്നുനിന്ന്, പരിശുദ്ധ ത്രിത്വത്തിൽ കേന്ദ്രീകൃതമായ ആത്മീയജീവിതം നയിച്ച്, ഈശോയുടെ സാക്ഷ്യമായി തീരുക എന്നതാണ് നമ്മുടെ കടമ. ആത്മീയജീവിതം നയിക്കാൻ സന്ന്യസ്തസമർപ്പിതർക്ക് മാത്രമല്ല സാധിക്കുക. ശരീരവും

**ഈശോയുടെ സ്നേഹത്തെക്കുറിച്ച് വിവരിച്ചപ്പോൾത്തന്നെയാണ്. ഈശോയില്ലാതെ, ഈശോയുടേതാകാതെ ഒരു നിമിഷംപോലുമാവില്ല എന്ന് പൂർണമായും മനസ്സിലാക്കിയിട്ടും ചങ്കു പൊടിയുന്ന വേദനയോടെ മാസങ്ങൾ വിശ്വാസത്തെ തീച്ചൂളയിലുരുക്കി പൂർണമാക്കിയ ദേവീ മേനോൻ മാമ്മോദീസാ സ്വീകരിച്ച് റോസ് മരിയ ആയത് 2015 ജനുവരി ഒന്നിനാണ്.**


**അത്ഭുതങ്ങളല്ല, അനുഭവമാണ് ക്രൈസ്തവമതത്തിലേക്ക് അടുപ്പിച്ചതെന്ന് അച്ചു എന്നു വിളിക്കപ്പെടുന്ന ദേവീ മേനോൻ എന്ന റോസ് മരിയ ഉറക്കെ പ്രഘോഷിക്കുന്നത് ഈശോ നല്കിയ വ്യക്തിപരമായ സ്നേഹത്തിന്റെയും കരുതലിന്റെയും പരിപാലനയുടെയും ദിവ്യാനുഭവത്തിന്റെ വെളിച്ചത്തിലാണ്. നിന്നോളം വലുതല്ല എനിക്കൊന്നും എന്നു പറയുന്ന, നിന്നെ എനിക്ക് ആവശ്യമുണ്ടെന്നു പറയുന്ന ദൈവമാണ് എന്റെ ജീവശ്വാസത്തെക്കാൾ വലുത്; ജീവനെക്കാളും ജീവിതത്തെക്കാളും പ്രിയപ്പെട്ടത് എന്ന് ലോകം മുഴുവൻ കേൾക്കത്തക്കവിധത്തിൽ പ്രഘോഷിക്കാൻ റോസ് മരിയയ്ക്ക് ഒരു ഭീഷണിയും തടസ്സമാകുന്നില്ല. ആരേയും തോല്പിക്കാനോ ഒന്നിനെയും തകർക്കാനോ അല്ല അവൾ ക്രിസ്ത്യാനിയായത്. സ്നേഹത്താൽ കീഴ്പ്പെടുത്തിയ, സ്വന്തമാക്കിയ ഈശോയെ പരിശുദ്ധ കുർബാനയിലൂടെ സ്വീകരിക്കാതിരിക്കാൻ അവൾക്കാകുമായിരുന്നില്ല. ബിരുദങ്ങൾ പലതു നേടിയിട്ടും എല്ലാ നേട്ടങ്ങളും ഈശോയ്ക്കുവേണ്ടി ഉപേക്ഷിച്ച് അന്നന്നത്തെ അപ്പത്തിനുവേണ്ടിമാത്രം ജോലി ചെയ്യുന്ന അച്ചുവിന് വിശ്വാസത്തിന് കോടികൾ വിലയിടാമെന്നു തോന്നിയിട്ടില്ല. വിശ്വാസം വിലകൊടുത്തു വാങ്ങുവാനും മതം ബ്രെയിൻ വാഷ് ചെയ്തു മാറ്റാനും പറ്റുന്നതല്ല എന്നുറക്കെ പറയുന്ന റോസ് മരിയ മനുഷ്യമനസ്സിലേക്ക് ആഴ്ന്നിറങ്ങുന്ന, ഒട്ടും അകൽച്ചയില്ലാതെ ഹൃദയത്തെ സ്വന്തമാക്കുന്ന, ഈശോയുടെ ദിവ്യസ്നേഹത്തിൽ ഒന്നാകാൻ മാത്രമാണ് ആഗ്രഹിക്കുന്നത്.**

പ്രതീക്ഷയുടെ പൂമൊട്ടുകൾ

മനസ്സും ആത്മാവും ചേർന്നതാണ് നമ്മൾ. ജീവാത്മാവ് ദൈവാത്മാവിനെ തിരിച്ചറിഞ്ഞ്, ദൈവഹിതം മനസ്സിലാക്കി, ആ ആത്മാവിനോട് ചേർന്നുനിന്ന് ജീവിക്കുക എന്നതാണ് ആത്മീയജീവിതം. സന്ന്യസ്തസമർപ്പിതരും കുടുംബസ്ഥരും ഏകസ്ഥരും പാലിക്കേണ്ടുന്ന ജീവിതം.

ദൈവമക്കളായ നാം ഓരോരുത്തരിലും ദൈവവിളിയുണ്ട്. കിട്ടിയ വിളിക്ക് അനുസൃതമായി, നമ്മുടെ ജീവിതാന്തസ്സിനനുസരിച്ചു ദൈവത്തോടും മറ്റുള്ളവരോടും നമ്മോടുതന്നെയും വിശ്വസ്തതയോടെ, സ്നേഹത്തിന്റെ കൂട്ടായ്മയിൽ ജീവിച്ചാൽ നമ്മുടെ ജീവിതം ദൈവത്തിന്റെ പ്രസാദവരജീവിതമായി. ഈ ചൈതന്യപൂർണമായ ജീവിതത്തിലേക്ക് നമ്മെ നയിക്കുകയും നടത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ് പ്രാർത്ഥനകൾ. പ്രാർത്ഥനാജീവിതത്തിന് ക്ഷയം സംഭവിക്കുമ്പോൾ നമ്മുടെ ആത്മീയജീവിതത്തിന് ഇടർച്ച സംഭവിക്കും. തളർച്ചകളാണ് നമ്മളെ ഇടർച്ചകളിലേക്കും, വീഴ്ചകളിലേക്കും എത്തിക്കുന്നത്. ആത്മബലത്തിന് അവശ്യംവേണ്ടുന്ന ഒന്നാണ് ചിട്ടയായ പ്രാർത്ഥനാജീവിതം.

"ദൈവത്തോടു ചേർന്നുനില്ക്കുവിൻ, അവിടുന്ന് നിങ്ങളോടും ചേർന്നുനിൽക്കും" എന്ന് യാക്കോബ്ശ്ലീഹാ നമ്മെ ഓർമ്മപ്പെടുത്തുന്നു. നമ്മുടെ മാതൃക നമ്മുടെ ഗുരുവും കർത്താവും ദൈവവുമായ ഈശോയാണ്. സുവിശേഷത്തിൽ പല സന്ദർഭങ്ങളിൽ ഈശോ പ്രാർത്ഥിക്കുന്നത് എടുത്തു പറഞ്ഞിരിക്കുന്നു. ഈശോ പ്രാർത്ഥിക്കാനുള്ള ഒരു പ്രധാനപ്പെട്ട കാര്യം, നമുക്ക് മാതൃക കാണിച്ചു തരിക എന്നതായിരിക്കാം. മറ്റൊന്ന്, പിതാവായ ദൈവത്തെ മഹത്ത്വപ്പെടുത്തുന്നതിനായിരിക്കാം (യോഹ 11,42). ഇനിയൊന്ന്, ത്രിത്വത്തിന്റെ കൂട്ടായ്മയെ മാനിക്കുന്നതായിരിക്കാം. പ്രധാനപ്പെട്ട എല്ലാ സന്ദർഭങ്ങളിലും ഈശോ പ്രാർത്ഥിച്ചിരുന്നു. ഈശോയുടെ ജീവിതത്തിലെ ഒരു പ്രധാന ചര്യ ആയിരുന്നു പ്രാർത്ഥന. ഈശോമിശിഹാ നമ്മുടെ ദൈവമാണ്. എന്നാൽ പൗലോസ്ശ്ലീഹാ ഫിലിപ്പിയർക്ക് എഴുതിയ ലേഖനത്തിൽ പറയുന്ന ഒരു വചനം നമുക്ക് ശ്രദ്ധിക്കാം ''തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച്, മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന ഈശോ". മനുഷ്യജന്മത്തിൽ ഒഴിവാക്കാൻ പാടില്ലാത്ത ഒന്നാണ് പ്രാർത്ഥന. ദൈവത്തോട് നന്ദിപറയാനും, ദൈവത്തെ മഹത്ത്വപ്പെടുത്താനും, നിസ്സഹായതയുടെ, ബലഹീനതയുടെ പരീക്ഷണഘട്ടങ്ങളിൽ ശക്തി ആർജിക്കാനും ഒക്കെ നമുക്ക് പ്രാർത്ഥന ആവശ്യമാണ്.



“പരിശുദ്ധ കുർബാനയർപ്പണവും യാമപ്രാർത്ഥനയുമാണ് ക്രൈസ്തവ ആദ്ധ്യാത്മികതയുടെ അടിത്തറയും നട്ടെല്ലും”' എന്ന് രണ്ടാംവത്തിക്കാൻ സൂനഹദോസ് നമ്മെ ഓർമ്മപ്പെടുത്തുന്നു. പരിശുദ്ധ കുർബാനയോളം ക്രൈസ്തവജീവിതത്തിൽ പ്രാധാന്യം അർഹിക്കുന്ന ഒന്നുമില്ല. ആത്മീയ ഭൗതിക ജീവിതത്തിൽ ദൈവകൃപയിൽ നിറഞ്ഞ്, തെളിമയോടെ നന്മയിൽ വ്യാപരിക്കാൻ വേണ്ടുന്ന പുണ്യങ്ങളെല്ലാം സമാഹരിക്കാൻ നമുക്ക് വി. കുർബാന ശക്തി നല്കുന്നു. വി. കുർബാനയുടെ ചൈതന്യം നമ്മുടെ ജീവിതത്തിൽ അനുനിമിഷം പ്രകാശിക്കാൻ നമ്മെ സ്ഫുടം ചെയ്തു ശുദ്ധീകരിക്കുന്ന ഒന്നാണ് യാമപ്രാർത്ഥനകൾ.

നമ്മുടെ ആരാധനക്രമത്തിന് ആരാധനാവത്സരവുമായി അഭേദ്യമായ ബന്ധമുണ്ട്. കുർബാനയും യാമപ്രാർത്ഥനയുമെല്ലാം ആരാധനാവത്സരക്രമീകരണവുമായി ബന്ധപ്പെട്ടിരിക്കുന്നു. മിശിഹായുടെ രക്ഷാകരപദ്ധതിയുമായി ഉൾചേർന്നിരിക്കുന്നു തിരുസഭയുടെ ആരാധനക്രമം എന്നതിനാൽ ഈ കർമ്മങ്ങളെല്ലാം നമ്മെ ദൈവത്തോട് ഏറ്റവുമധികമായി ചേർത്തുനിർത്തുന്നു. തിരുസഭയോടുള്ള കടമകളിൽ അത്മായർക്കുള്ള പങ്ക് എടുത്തുപറയത്തക്കതാണ്. നമ്മുടെ തിരുസഭാമാതാവിനുവേണ്ടിയും നമ്മുടെ വ്യക്തിജീവിതത്തിനും സഹതീർത്ഥാടകർക്കുവേണ്ടിയും ചെയ്യാൻപറ്റുന്ന – ചെയ്യേണ്ടുന്ന ഒന്നാണ് യാമപ്രാർത്ഥന. നമ്മുടെ ജീവിതത്തെ ഈശോയുടെ കാരുണ്യസ്നേഹക്കടലായി നിറച്ച്, ദൈവകൃപയുടെ അനുഗ്രഹതിരകളാൽ പ്രകാശപൂർണമാക്കാൻ പോന്നതാണ് യാമപ്രാർത്ഥന. ദൈവാശ്രയബോധ്യത്തോടെ നന്മയിൽ ദീപ്തമായ ജീവിതം നയിക്കാൻ പരി. കുർബാന കഴിഞ്ഞാൽ നാമോരോരുത്തരും നെഞ്ചോടു ചേർത്തുവയ്ക്കേണ്ടുന്ന പ്രാർത്ഥന!

ഇതൊരു അനുഭവസാക്ഷ്യംകൂടിയാണ്. ഈശോമിശിഹായെ സ്വീകരിച്ചിട്ട് രണ്ടരവർഷമേ ആയിട്ടുള്ളു. ഒന്നര വർഷമായി ഞാൻ എന്റെ ഒരു ആത്മീയഗുരുവിന്റെ ഉപദേശപ്രകാരം യാമപ്രാർത്ഥന പ്രാർത്ഥിക്കുന്നുണ്ട്. വി. കുർബാന കഴിഞ്ഞാൽ ഇത്രത്തോളം എന്റെ ആത്മീയ, ഭൗതിക ജീവിതത്തെ സ്വാധീനിച്ച പ്രാർത്ഥനയില്ല. നമ്മുടെ ജീവിതത്തിലെ എല്ലാ പ്രതിസന്ധിഘട്ടങ്ങളെയും തരണം ചെയ്യാൻപോന്ന ബലം നൽകുന്ന പ്രാർത്ഥന! അങ്ങയുടെ ഹിതം നിറവേറട്ടെ എന്ന് ഏതു കാര്യത്തിലും ഹൃദയത്തിൽ തട്ടി പ്രാർത്ഥനയോടെ  പറയാൻ യാമപ്രാർത്ഥന നമ്മെ പ്രാപ്തരാക്കും.

പ്രാർത്ഥനയിൽ അധിഷ്ഠിതമായ ജീവിതം നയിച്ച ഈശോയേയും അത് പിന്തുടർന്ന ശ്ലീഹന്മാരേയും നന്ദിയോടെ സ്മരിച്ച് പരിശുദ്ധ കുർബാനയിലും യാമപ്രാർത്ഥനയിലും നിഷ്ഠയോടെ പങ്കുചേർന്ന് ആലാഹയോടും പുത്രൻതമ്പുരാനോടും റൂഹാദ്ക്കുദശായോടും ചേർന്ന് വിശുദ്ധിയുടെ ജീവിതം നയിക്കാനുള്ള കൃപയ്ക്കായും നമ്മുടെ സഭയുടെ നന്മയ്ക്കായും പ്രാർത്ഥിക്കാം. ഈ കൈത്താക്കാലത്തോടെ കളകൾ അശ്ശേഷം ഇല്ലാതെ ഈശോയുടെ വിളകളാൽ നാം ഉൾപ്പെട്ട തിരുസ്സഭ സമ്പന്നമാകട്ടെ.

പ്രതീക്ഷയുടെ പൂമൊട്ടുകൾ

# സെനക്കിൾ തരംഗം

**മി**ശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനക്രമവത്സരത്തിലെ കൈത്താക്കാലത്തേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. കൈത്താക്കാലം സഭയുടെ കാലഘട്ടമാണ്. ശ്ലീഹന്മാരുടെ സുവിശേഷപ്രഘോഷണത്തിലൂടെ രൂപം കൊള്ളുന്ന സഭ ഉത്ഥിതനായ മിശിഹായുടെ ഈ ലോകത്തിലെ കൂടാരമാണ്. "നമ്മുടെ മദ്ധ്യേ നടക്കുന്ന മിശിഹായാണ് സഭ" എന്ന പിതാക്കന്മാരുടെ ഭാഷ്യം എത്രയോ അർത്ഥവത്താണ്! സഭയിൽ ജീവിക്കുന്ന ഈശോയുടെ വാക്കുകൾ കേട്ട പൗലോസ്ശ്ലീഹായാണ് സഭയെ മിശിഹായുടെ ശരീരമെന്നു വിശേഷിപ്പിച്ചത് (1 കൊറി 12). ശരീരത്തിൽ ശിരസ്സാണല്ലോ ശരീരത്തിന്റെ പ്രവർത്തനങ്ങളെ ക്രമീകരിക്കുന്നതിനു നേതൃത്വം കൊടുക്കുന്നത്. സഭാശരീരത്തിന്റെ ശിരസ്സായി വർത്തിക്കുന്ന മിശിഹായുടെ സ്ഥാനമാണ് സഭയിൽ പുരോഹിതശുശ്രൂഷ നിർവഹിക്കുന്നവർക്കുള്ളത്. മാമ്മോദീസായിലൂടെ സഭയുടെ വിശ്വാസത്തിലേക്കു കടന്നുവരുന്ന വിശ്വാസികളുടെ സമൂഹത്തിന് നേതൃത്വം കൊടുക്കുന്ന പുരോഹിതൻ ആ വിശ്വാസം അതിന്റെ തനിമയിൽ ജീവിക്കുന്നവനും, ആ വിശ്വാസം പഠിക്കുവാനും ജീവിക്കുവാനും ആരാധനക്രമത്തിൽ ആഘോഷിക്കുവാനും പ്രാർത്ഥനാജീവിതത്തിലൂടെ ആ വിശ്വാസം പ്രകാശിപ്പിക്കുവാനും ജനങ്ങളെ പരിശീലിപ്പിക്കുന്നവനുമായിരിക്കണം. അപ്രകാരം നമ്മുടെ പുരോഹിതശുശ്രൂഷ നിർവഹിക്കുവാൻ ഈ കൈത്താക്കാലം നമ്മെ സഹായിക്കട്ടെ!

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

**അ**പ്പസ്തോലിക് സൊദാലെസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ കൗൺസിൽ മീറ്റിംഗ് 2017 മെയ് 22 -24 തീയതികളിൽ റോമിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറലേറ്റിൽവച്ചു നടന്നു. അതിൽ സംബന്ധിക്കുവാൻ പോയ ജനറൽ മേജർ ബ്രദർ, മല്പാൻ മാത്യു വെള്ളാനിക്കലച്ചൻ, മെയ് 31-ാം തീയതി ഇന്ത്യയിൽ തിരിച്ചെത്തി. ഇപ്രാവശ്യം റോമിലായിരുന്ന അവസരത്തിൽ അവിടെനിന്നും ഒരു ഇറ്റാലിയൻ തീർത്ഥാടകസംഘത്തോടൊപ്പം ലോകപ്രസിദ്ധ മരിയൻ തീർത്ഥാടനകേന്ദ്രമായ 'മെഡ്ജുഗോറി' സന്ദർശിക്കുകയുണ്ടായി. മാനസാന്തരത്തിന്റെയും സമാധാനത്തിന്റെയും സന്ദേശം നിരന്തരം നല്കി പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന മാതാവിന്റെ തീർത്ഥാടനകേന്ദ്രത്തിലെ പരി. കുർബാനയിലും ഭക്തിനിർഭരമായ പ്രാർത്ഥനാശുശ്രൂഷകളിലും സംബന്ധിച്ച് എല്ലാവർക്കുംവേണ്ടി പ്രാർത്ഥിച്ചു. 2017 ഓഗസ്റ്റ് 20 മുതൽ 26 വരെ ഇറ്റലിയിലെ സുബിയാക്കോയിൽ വച്ച് ഇറ്റാലിയൻ സൊദാലെസ് വൈദികരുടെ വാർഷികസമ്മേളനം നടത്തുവാൻ തീരുമാനിച്ചു. ഓഗസ്റ്റ് 8,9 തീയതികളിൽ മാങ്ങാനം സ്പിരിച്ചാലിറ്റി സെന്ററിൽവച്ച് ഇന്ത്യൻ സൊദാലെസിന്റെ വാർഷികസമ്മേളനം നടത്തും. 8-ാം തീയതി രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 4 വരെ ഇടവക വൈദികർക്കായുള്ള ഏകദിന കൺവൻഷൻ നടത്തപ്പെടും.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.

# അനുസരണം അടിമത്തമല്ല

ഷിനി തെരേസ് മുതുപ്ലാക്കൽ

**അ**മിതമായി ടെലിവിഷൻ കാണുന്നതു വിലക്കിയതിന് കൗമാരക്കാരൻ ആത്മഹത്യ ചെയ്തു... ശിക്ഷണം നല്കിയ അദ്ധ്യാപികയ്ക്കെതിരെ വിദ്യാർത്ഥി പരാതി നല്കി... ശകാരിച്ച മാതാപിതാക്കൾക്കെതിരെ ചൈൽഡ് ലൈനിൽ പരാതിയുമായി ഒമ്പതുവയസ്സുകാരൻ... ജോലിയിൽ നിഷ്ഠ പുലർത്താത്ത ജീവനക്കാരനോട് വിശദീകരണം ചോദിച്ചതിന് മേലധികാരിയെ യൂണിയൻ നേതാവ് മർദ്ദിച്ചു...

ഇത്തരം വാർത്തകൾ വാർത്തകളല്ലാതായി മാറുന്ന നമ്മുടെ സമൂഹത്തിൽ സമാന സംഭവങ്ങൾ സമൃദ്ധിയായി തുടരുന്നു. അനുസരണത്തെ അടിമത്തമായും ആപത്തായും കാണുന്നവർ, അനുസരിക്കുന്നവനെ നട്ടെല്ലില്ലാത്തവൻ എന്നവഹേളിച്ച് അപമാനിക്കുന്നതിൽ അതിശയിക്കാനൊന്നുമില്ല. ലോകത്തിന്റെ കാഴ്ചപ്പാടിൽ അനുസരണത്തിനും അനുസരിക്കുന്നവനും വിലയില്ല.

അനുസരിക്കുന്നതിന്റെ പേരിൽ ഒരുപക്ഷേ നഷ്ടങ്ങൾ സംഭവിക്കാം. എന്നാലത് ഈലോകത്തിന്റെ നഷ്ടങ്ങൾ മാത്രമായിരിക്കും; വരുംലോകത്ത് നേട്ടമായി മാറുന്ന നഷ്ടങ്ങൾ. ഇതുപോലെ ഈലോകനഷ്ടങ്ങളെ സ്വർലോകനേട്ടങ്ങളാക്കി മാറ്റിയവരാണ് വിശുദ്ധർ. അവരിൽ മലയാളക്കരയിലെ വി. അൽഫോൻസായും വി. എവുപ്രാസ്യായും ഉൾപ്പെടെ ഏതാനും വിശുദ്ധരുടെ തിരുനാളുകൾ ഈ കൈത്താക്കാലത്ത് നാം ആഘോഷിക്കുന്നുണ്ട്.

നമ്മുടെ അമ്മയും മാതൃകയുമായ പരി. മാതാവിന്റെ സ്വർഗാരോപണത്തിരുനാളും ജനനത്തിരുനാളും ഈ കാലയളവിൽ നാം ആഘോഷിക്കുന്നു. “മറിയം, ആത്മാവോടും ശരീരത്തോടും കൂടെ ദൈവികമെങ്കിലും അപകടകരമായ ഒരു സംരംഭത്തിന് സ്വയം സമർപ്പിച്ചു. അതുകൊണ്ട് അവൾ ആത്മശരീരങ്ങളോടെ സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു” (CCC 147). “ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ” (ലൂക്കാ1,38) എന്നു പറഞ്ഞുകൊണ്ട് ദൈവഹിതത്തിനു പൂർണമായി നല്കിയ സമർപ്പണമാണ് മാതാവിനെ ‘സ്ത്രീകളിൽ അനുഗൃഹീത’യാക്കി മാറ്റിയത്.

ദൈവേഷ്ടമനുസരിച്ചു പ്രവർത്തിച്ച മാതാവിന്റെ ജീവിതത്തിൽ ലോകദൃഷ്ടിയിൽ നഷ്ടങ്ങളുടെ പട്ടികമാത്രമേ കാണുകയുള്ളു. കന്യകയായിരുന്നിട്ടും അമ്മയകേണ്ടി വന്നവൾക്ക് ആ മാതൃത്വം സമ്മാനിച്ച ശാരീരികവും മാനസികവുമായ സഹനങ്ങൾ വളരെയേറെയായിരുന്നു. ദൈവപുത്രന്റെ അമ്മയാകാനുള്ള വിളിക്കു പ്രത്യുത്തരം നല്കിയ നിമിഷംമുതൽ കാലിത്തൊഴുത്തും കാനായും കാൽവരിയും കടന്ന്, ചിതറിയ ശിഷ്യഗണത്തെ പ്രാർത്ഥനയിൽ ഒരുമിപ്പിക്കുന്നതുവരെ മാതാവു നല്കിയ അനുസരണത്തിന്റെ - ദൈവഹിതപ്രകാരമുള്ള ജീവിതത്തിന്റെ - മാതൃക മഹനീയംതന്നെ!

ദൈവമായിരുന്നിട്ടും ഈശോ നമുക്കു കാണിച്ചുതന്നത് അനുസരണത്തിന്റെ ജീവിതമായിരുന്നല്ലോ. പൗലോസ്ശ്ലീഹാ ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു: “ഈശോമിശിഹായ്ക്കുണ്ടായിരുന്ന ഈ മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ. ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു; മരണം വരെ - അതേ കുരിശുമരണംവരെ - അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി. ആകയാൽ, ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നല്കുകയും ചെയ്തു” (ഫിലി 2,6–9). ദൈവപുത്രനും ദൈവമാതാവും കാണിച്ചുതന്ന വിധേയത്വജീവിതത്തിന്റെ മാതൃക പിൻതുടർന്നവരാണ് വിശുദ്ധാത്മാക്കൾ. അവരുടെ പാതയിൽ ചരിച്ചാൽ അവർ ചെന്നെത്തിയിടത്ത് നമുക്കും എത്തിച്ചേരാനാകും.

## വിശുദ്ധിയുടെ മുത്തുകൾക്ക്



*കൂട്ടുകാരേ, ഉത്തരങ്ങൾ എഴുതുന്നതിനുമുമ്പ് ഈ ലക്കത്തിലെ പ്രതീക്ഷയുടെ പൂമൊട്ടുകൾ മുഴുവൻ വായിക്കണേ. ഉത്തരങ്ങൾ ഇതിന്റെ താളുകളിൽ ഒളിഞ്ഞുകിടപ്പുണ്ട്.*

1. കൈത്താക്കാലത്തിലെ ആദ്യ ഞായറാഴ്ച ഏതു പേരിലാണ് അറിയപ്പെടുന്നത്?
2. ജൂലൈ 28-ാം തീയതി തിരുന്നാൾ ആഘോഷിക്കുന്ന വിശുദ്ധ ഏത്?
3. മാർ ശിമയോൻ ബർസബാ രക്തസാക്ഷിയായത് ഏതു ചക്രവർത്തിയുടെ കാലത്താണ്?
4. വസ്ത്രങ്ങൾക്ക് നിറം പൂശുന്നവരുടെ മകൻ എന്ന് അർത്ഥം വരുന്ന പദം ഏത്?
5. പിതാക്കൻമാരുടെ ഭാഷ്യം അനുസരിച്ച് സഭ എന്നാൽ എന്താണ്?

**ഉത്തരങ്ങൾ**

1. ..........................
2.
3.
4.
5.

**കാത്തിരിക്കുക....**
**അടുത്ത ലക്കത്തിൽ 'കാവലാൾ '**

(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ലഭിക്കുന്ന ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി - ഓഗസ്റ്റ് 15).

**അയയ്ക്കേണ്ട വിലാസം:** പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം 686 018

വിശുദ്ധിയുടെ മുത്തുകൾക്ക്

14

# കുഞ്ഞാറ്റയുടെ കുമ്പസാരം



"**മോ**ളു, ഈശോ എല്ലാം കാണും. അറിഞ്ഞുകൊണ്ടു ചെയ്യുന്നതും അറിയാതെ സംഭവിക്കുന്നതുമെല്ലാം. അതു തെറ്റാണെന്ന് നമ്മുടെ ഉള്ളിൽ മനസ്സാക്ഷി നമ്മോടു പറയും. മോൾക്ക് തോന്നിയിട്ടില്ലേ അതൊക്കെ തെറ്റിപ്പോയെന്ന്. അത് ഉള്ളിലുള്ള പരിശുദ്ധാത്മാവിന്റെ സ്വരമാ. കുമ്പസാരത്തിൽ എല്ലാ തെറ്റും ഏറ്റു പറയണം. ഒന്നും മറച്ചുവയ്ക്കരുത്".

ഉടൻ വന്നു കുഞ്ഞേട്ടായിയുടെ കമന്റ്. "എന്റെ കുഞ്ഞുപാറ്റേ, നിന്റെ പാപമെല്ലാം കേട്ട് നമ്മുടെ അച്ചൻ ബോധം കെട്ടുപോകുമോ? എത്ര മണിക്കൂറാവും കുമ്പസാരം"? മമ്മിയുടെ വക ശാസന ചേട്ടായിക്ക്. കുഞ്ഞാറ്റയുടെ മുഖം കണ്ടപ്പോ ഡാഡിക്കൊരു സംശയം: "മോൾക്കു പേടിയാവുന്നുണ്ടോ"? "ഉം... അച്ചൻ കുഞ്ഞാറ്റയെ വഴക്കുപറയുമോ? പേടിയാവുന്നു". ഡാഡി മോളെ ചേർത്തുപിടിച്ച് നെറ്റിയിൽ ഒരു ഉമ്മകൊടുത്തിട്ടു പറഞ്ഞു: "അച്ചൻ മോളെ വഴക്കുപറയില്ല കേട്ടോ. മോൾ ഈശോയുടെ മടിയിലിരിക്കുകയാണെന്ന് ഓർത്ത് എല്ലാം പറയണം. കഴിഞ്ഞദിവസം കണ്ടില്ലേ? ഒരു കുഞ്ഞുവാവയെ മടിയിൽവച്ച് ലാളിക്കുന്ന ഈശോയുടെ പടം. ഓർക്കുന്നില്ലേ? ഈശോ ഒരിക്കലും മോളെ വഴക്കുപറയില്ല. മോളു പറഞ്ഞേ, കുമ്പസാരിപ്പിക്കുന്നത് അച്ചനാണോ ഈശോയാണോ?" കുഞ്ഞാറ്റ പതിയെപറഞ്ഞു "സിസ്റ്ററു പറഞ്ഞുതന്നു അത് ഈശോയാണെന്ന്". "എന്റെ മോൾ മിടുക്കിയാ കേട്ടോ. നല്ല കുട്ടിയാ. ഇനി മോൾ ഒരുങ്ങി കുമ്പസാരിച്ച് പരി. കുർബാന സ്വീകരിക്കണം. കൊച്ചു കൊച്ചു സുകൃതജപങ്ങൾ എപ്പോഴും



ചൊല്ലണം. കൂടുതൽ സമയം പ്രാർത്ഥിക്കണം; എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കണം. എല്ലാവരേയും സ്നേഹിക്കണം" ഒരു മുത്തം കൂടി ആ നെറ്റിയിൽ കൊടുത്തിട്ടു കുഞ്ഞാറ്റയെ ഡാഡി പറഞ്ഞുവിട്ടു.

കുഞ്ഞാറ്റയിൽ വലിയ മാറ്റമാണു വന്നത്. ഒരു കുഞ്ഞു പൂമ്പാറ്റയെപ്പോലെ എല്ലാവർക്കും സന്തോഷം പകർന്ന് അവൾ ഓടിനടന്നു. മുട്ടിന്മേൽ നിന്നു പ്രാർത്ഥിച്ചു. തിരുവചനം ഉത്സാഹത്തോടെ വായിച്ചു. വചനങ്ങൾ മനഃപാഠമാക്കി.

അങ്ങനെ വി. കുമ്പസാരവേളയിൽ സന്തോഷത്തോടെ പോയി കുമ്പസാരിച്ചു. അച്ചൻ പറഞ്ഞുകൊടുത്ത പ്രായശ്ചിത്തം നിറവേറ്റി. പിറ്റേദിവസം ഒരു കുഞ്ഞുമാലാഖയെപ്പോലെ അവൾ ഒരുങ്ങി. ഡാഡിക്കും മമ്മിക്കും ചേട്ടായിമാർക്കും കുഞ്ഞേച്ചിക്കും ഒപ്പം നിന്നു പ്രാർത്ഥിച്ചു. സ്തുതിചൊല്ലി, എല്ലാവർക്കും ഉമ്മകൊടുത്ത് പള്ളിയിലേക്ക് ഓടിച്ചെന്നു. നെറ്റും മുടിയും വച്ച് ഒരുങ്ങുന്ന സമയം പഠിച്ചതെല്ലാം ഒരിക്കൽക്കൂടി ഓർമ്മിച്ചു. 'ഉള്ളിൽ ഇന്നു കടന്നുവരുന്ന ഉണ്ണീശോയോട് എപ്പോഴും പ്രാർത്ഥിക്കണം; ഈ ഈരടികൾ ഉരുവിടണം' എന്നു പറഞ്ഞ് ടീച്ചർ പാടിക്കൊടുത്തു.

"ഈശോയെ നിന്നെ എനിക്കെന്തൊരിഷ്ടം
നീയെന്നെ സ്നേഹിക്കും പോലെ
നിന്നെയും സ്നേഹിച്ചിടാനായ്
എന്നെ പഠിപ്പിച്ച വാത്സല്യമേ
നിന്നെ എനിക്കെന്തൊരിഷ്ടം".

അവസാനിച്ചു

**ഷീജാ കാലായിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

---

കുട്ടിക്കവിത

## പ്രിയനാം ഉണ്ണീശോ



*ബാലനാം യേശുവേ*
*മാതാവിന് പ്രിയ സുതനേ*
*കുട്ടികൾക്ക് മാതൃകയായവനേ*
*ബാലനാം യേശുവേ*
*മാതാപിതാക്കളെ സഹായിക്കാൻ*
*അനുസരിക്കാൻ പ്രചോദനമേ -*
*കിയവനേ ബാലനാം യേശുവേ*
*കുട്ടികൾ മുതിർന്നവർ പ്രാർത്ഥനയോടെ*
*നിന്നരികിൽ വരുമ്പോൾ*
*അവർക്ക് ആശ്വാസം പകർന്നവനേ*
*ജ്ഞാനത്തിലും പ്രായത്തിലും*
*ദൈവത്തിന്റെയും മനുഷ്യരുടെയും*
*പ്രീതിയിൽ വളർന്നവനെ*
*ബാലനാം യേശുവേ*

**ജിസ്നാ ജെയിംസ്**
**കുടക്കനാൽ, നീലൂർ**

# പ്രവർത്തനനിരതമാകുന്ന ദൈവകാരുണ്യം

**കാരുണ്യവും കഷ്ടതയും-5**

ഡോ. സെബാസ്റ്റ്യൻ തുണ്ടത്തിക്കുന്നേൽ വി.സി.
സുപ്പീരിയർ ജനറാൾ, ഇടപ്പള്ളി



പൗലോസ് ശ്ലീഹാ പ്രസ്താവിക്കുന്നു: "പാപികളിൽ ഒന്നാമനാണ് ഞാൻ. എങ്കിലും എനിക്കു കാരുണ്യം ലഭിച്ചു" (1 തിമോ 1,15-16). അത് തനിക്കു നിത്യജീവൻ ലഭിക്കുവാനും ദൈവത്തിന്റെ ക്ഷമ പ്രകടമാകുന്നതിനും വേണ്ടിയാണ് എന്നും അദ്ദേഹം തുടർന്ന് രേഖപ്പെടുത്തുന്നു. ദൈവത്തിന്റെ ക്ഷമയും കരുണയും ബൈബിളിൽ ഉടനീളം നമുക്കു ദർശിക്കാനാവും. അത് സ്വീകരിക്കാൻ വേണ്ട അടിസ്ഥാന യോഗ്യത അനുതാപമാണ്. "കാരുണ്യവും കഷ്ടതയും" എന്ന ശ്ലൈഹിക ലേഖനത്തിൽ ഫ്രാൻസിസ് മാർപാപ്പായും പ്രവർത്തനനിരതമായ ദൈവകാരുണ്യത്തെപ്പറ്റി എടുത്തുപറയുന്നുണ്ട്. അതിന്റെ രണ്ട് അടിസ്ഥാനങ്ങളാണ് അനുതപിക്കുന്ന പാപിയും, കാത്തിരിക്കുന്ന പിതാവും (നമ്പർ 10).

ഒന്നാമതായി, അനുതപിക്കുന്ന പാപിക്കു മാത്രമേ ദൈവത്തിന്റെ കരുണ അനുഭവിക്കാനാവുകയുള്ളൂ. ധൂർത്തപുത്രൻ പിതൃഭവനത്തിൽനിന്ന് അകന്നുപോകാൻ തീരു

മാനിച്ചപ്പോഴും, അകന്നുപോയപ്പോഴും, പന്നികളുടെ കൂടെ കഴിഞ്ഞപ്പോഴും, തവിടുപോലും കിട്ടാതെ വിശന്നുവലഞ്ഞപ്പോഴും പിതാവിന്റെ കരുണയ്ക്ക് പാത്രീഭൂതനായില്ല. മറിച്ച്, അനുതപിച്ച് പിതൃസന്നിധിയിൽ തിരിച്ചെത്തി തന്റെ തെറ്റ് ഏറ്റുപറഞ്ഞപ്പോഴാണ് കരുണ അനുഭവിക്കാനായത് (ലൂക്കാ15,21-22). അഹങ്കാരവും സുഖലോലുപതയും അനുതാപത്തിനും തിരിച്ചുവരവിനും വഴിമാറിയപ്പോൾ അവന് കരുണ ലഭിച്ചു.

രണ്ടാമതായി, മനുഷ്യർക്കു കരുണ ലഭിക്കുന്നത് കരുണയോടെ കാത്തിരിക്കുവാൻ സ്നേഹം തന്നെയായ ഒരു ദൈവം നമുക്കുള്ളതുകൊണ്ടാണ്. കരുണ അവകാശമല്ല, ഔദാര്യമാണ്. അത് സ്നേഹത്തിൽനിന്നും ക്ഷമയിൽനിന്നും പുറപ്പെടുന്ന ഒരു വികാരമാണ്. വി. വിൻസെന്റ് ഡി പോളിന്റെ വാക്കുകളിൽ പറഞ്ഞാൽ, "ഒഴികഴിവുകൾ കണ്ടുപിടിച്ച് അന്യരുടെ കുറ്റങ്ങളെ ലഘൂകരിക്കുന്നതിനും അവർക്ക് അനുകൂലമായ വ്യാഖ്യാനങ്ങൾ നല്കുന്നതിനും നമ്മെ പ്രേരിപ്പിക്കുന്ന സൽഗുണമാണിത്". ധൂർത്തപുത്രന്റെ പിതാവിന് ഉണ്ടായിരുന്നതും ഈ സൽഗുണംതന്നെ. അവന്റെ കഴിഞ്ഞകാല ചെയ്തികളെപ്പറ്റി ഒന്നും ചോദിക്കാതെ, കുറ്റപ്പെടുത്താതെ, കാണാതെപോയതിനെ കണ്ടുകിട്ടിയ സന്തോഷത്തോടെ പിതാവ് അവനെ സ്വീകരിച്ച് വിരുന്നുശാലയിലേക്ക് ആനയിക്കുന്നു.

അനുതപിക്കുന്ന പാപിയും കരുണയുള്ള പിതാവും കണ്ടുമുട്ടുന്ന വേദിയാണ് അനുരഞ്ജനത്തിന്റെ കൂദാശ. അതിനെ "രമ്യതയുടെ ശുശ്രൂഷ" എന്നാണ് വി. പൗലോസ് വിശേഷിപ്പിക്കുന്നത് (2 കോറി 5,18). "മാപ്പിന്റെ വിമോചനശക്തി അനുഭവിക്കാനുള്ള അവസരം" എന്നു പഠിപ്പിച്ചുകൊണ്ട് ഫ്രാൻസിസ് മാർപാപ്പാ പ്രസ്താവിക്കുന്നു: "ഒരു അനുതാപിയുടെ ഹൃദയത്തെ ദൈവത്തിന്റെ കാരുണ്യം കണ്ടെത്തിയാൽ അതിനു മായിച്ചുകളയുവാൻ കഴിയാത്തയാതൊരു പാപവുമില്ല" (C.C. 12). അതായത്, പാപിയുടെ അനുതാപവും ദൈവത്തിന്റെ കരുണയും പാപവിമോചനവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു.

ദൈവം മനുഷ്യനോടു കരുണ കാണിക്കുന്നത് കരുണ ദൈവത്തിന്റെ സ്വഭാവം ആയതുകൊണ്ടും മനുഷ്യൻ ബലഹീനൻ ആയതുകൊണ്ടുമാണ്. അതിനാൽ ദൈവത്തിൽനിന്നും കരുണ സ്വീകരിക്കുന്ന നാം മറ്റുള്ളവരോട് കരുണ കാണിക്കുകയുംവേണം. "ഞാൻ നിന്നോട് കരുണ കാണിച്ചതുപോലെ നീയും നിന്റെ സഹസേവകനോട് കരുണ കാണിക്കേണ്ടതായിരുന്നില്ലേ"? (മത്താ 18,33) എന്നാണല്ലോ നിർദ്ദയനായ ഭൃത്യനോട് യജമാനൻ ചോദിക്കുന്നത്. "തന്നെപ്പോലെയുള്ളവനോട് കരുണ കാണിക്കാത്തവൻ പാപമോചനത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതെങ്ങനെ?" (പ്രഭാ 28,4) എന്ന് പ്രഭാഷകനും ആകുലപ്പെടുന്നു. അതിനാൽ, ഇന്നും എന്നും പ്രവർത്തനനിരതമായിരിക്കുന്ന ദൈവകാരുണ്യത്തിലൂടെ നമുക്കും പാപമോചനം സ്വായത്തമാക്കുകയും കാരുണ്യത്തിന്റെ വക്താക്കളാകുവാൻ പരിശ്രമിക്കുകയും ചെയ്യാം.




**ഡോ. തോമസ് പൂവത്താനിക്കുന്നേൽ**
റെക്ടർ, മേരിമാതാ മൈനർ സെമിനാരി, കാഞ്ഞിരപ്പള്ളി

നവമാധ്യമങ്ങൾ സമകാലീന സമൂഹത്തിന് നല്കിയ സംഭാവനകൾ നിരവധിയാണ്. മാധ്യമങ്ങൾ വിശ്വാസതലത്തിൽ, സുവിശേഷവൽക്കരണത്തിൽ, സുപ്രധാന പങ്കുവഹിക്കുന്നു എന്ന് സഭയ്ക്കു ബോധ്യമുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിൽ ഈ വിഷയം സമഗ്രമായി പഠിക്കുകയും തനതായ ഒരു പ്രമാണരേഖതന്നെ നല്കുകയും ചെയ്തു. ആധുനിക മാധ്യമശൃംഖലകളെക്കുറിച്ച് ആധികാരികമായ പഠനരേഖകൾ വത്തിക്കാൻ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇന്റെർ മിരീഫിക്ക (വത്തിക്കാൻ II), സഭയും ഇന്റെർനെറ്റും (2002), ഇന്റെർനെറ്റും ധാർമ്മികതയും (2002), കമ്മ്യൂണിയോ എത്ത് പ്രോഗ്രസിയോ (1971), എത്താത്തിസ് നോവേ (1992) തുടങ്ങിയവ അതിൽ സുപ്രധാനങ്ങളായ രേഖകളാണ്.

നവമാധ്യമങ്ങൾ സമൂഹത്തിന്റെ ശബ്ദവും സമൂഹത്തിന് സുപ്രധാന അറിവു ലഭിക്കുന്നതിനുള്ള മാർഗവുമാണ്. സംഭവങ്ങൾ ഏതാണ്ട് അപ്പോൾത്തന്നെ ഓരോ വ്യക്തിയുടെയും പക്കലേക്ക് എത്തിക്കുന്നതിന് ഇവയ്ക്കു സാധ്യമാകുന്നു. പ്രവാചകന്മാർ ദൈവത്തിന്റെ ശബ്ദമാകുന്നതുപോലെ, സമൂഹത്തിന്റെ സ്വരമായി അവർ ദൈവസന്നിധിയിലായിരിക്കുന്നതുപോലെ, ഇന്ന് മാധ്യമങ്ങൾക്ക് സഭയുടെ സ്വരമാകുവാനും ദൈവജനത്തിന്റെ സ്വരമായി സഭയിൽ വർത്തിക്കുവാനും കഴിയും. എന്നാൽ ഇന്ന് ഈ മേഖലകളിൽ തിന്മയുടെ ശക്തികൾ നന്മയെ പുറന്തള്ളി മുന്നേറുന്നതായി അനുഭവപ്പെടുന്നു. വ്യാജപ്രവാചകദൗത്യം നിർവഹിക്കുന്നതിലൂടെ ധാർമ്മികതയും കുടുംബബന്ധങ്ങളും തകർക്കപ്പെടുന്നു. അവതാര

കർ പ്രവാചകരും സത്യത്തിന്റെ കുത്തകകളുമായി സ്വയം അവരോധിക്കുന്നു എന്നു മാത്രമല്ല, തങ്ങളുടെ ലക്ഷ്യങ്ങൾ സമൂഹത്തിന്റെമേൽ അടിച്ചേല്പിക്കുകയും ചെയ്യുന്നു. അവർ ന്യായാധിപന്മാരും, അഭിഭാഷകരും, അന്വേഷകരും, തെളിവെടുപ്പുകാരും എല്ലാമായിത്തീരുന്നു. ഇവ ഒരാളിൽത്തന്നെ കേന്ദ്രീകരിച്ചാൽ വരുന്ന മഹാവിപത്ത് പ്രവചനാതീതമാണെന്നു പറയേണ്ടതില്ലല്ലോ.

പലപ്പോഴും ഇവർ വയ്ക്കുന്ന കെണികൾ മനസ്സിലാക്കാത്തതിനാലാവണം പലരും ഇതിൽപെട്ടലയുന്നു. സത്യത്തെ അസത്യമായും, യാഥാർത്ഥ്യങ്ങളെ മിഥ്യകളായും നേരെ മറിച്ചും അവതരിപ്പിക്കുവാൻ ഇത്തരം മാധ്യമപ്രവർത്തകർ കിണഞ്ഞു പരിശ്രമിക്കുന്നു. സമീപകാലത്ത് ഈ മാധ്യമകൂട്ടായ്മ ഒന്നിച്ച് സഭയെയും സഭയുടെ വിശ്വാസരഹസ്യങ്ങളെയും സഭയുടെ പ്രവർത്തനങ്ങളെയും തേജോവധം ചെയ്യുകയും തെറ്റിദ്ധരിപ്പിക്കുകയും തെറ്റുകളെ ആഗോളവൽക്കരിച്ച് അവതരിപ്പിക്കുകയും ചെയ്യുന്നു. അന്ധകാരശക്തികൾ പ്രകാശത്തിന്റെ ശക്തികളെക്കാൾ ശക്തരായി അരയും തലയും മുറുക്കി അക്ഷീണം യത്നിക്കുമ്പോൾ സഭാമക്കൾ ഇവയൊന്നും അറിയാതിരിക്കുകയോ നിസംഗത പാലിക്കുകയോ കുറേപ്പേരെങ്കിലും അവരോട് ചേരുകയോ ചെയ്യുന്നു എന്നത് ദുഃഖസത്യമാണ്.

ശത്രുക്കൾ എത്ര ശക്തരായാലും സഭാഗാത്രം സർവശക്തനോട് ഒട്ടിച്ചേർന്നിരിക്കുവോളം സഭ ഇത്തരം സാഹചര്യങ്ങളെ അതിജീവിക്കുമെന്നത് സത്യം. എന്നാൽ ഈ പ്രത്യാശ നമ്മെ നിസംഗതയിലേക്കു തള്ളുവാൻ ഇടയാക്കരുത്. ഉണർന്നിരിക്കുവാനുള്ള ദിവ്യനാഥന്റെ വാക്കുകൾ അവഗണിക്കാനിടയാവരുത്. ഇടർച്ചയ്ക്കു കാരണമാകാതിരിക്കാനും ഇടർച്ച സംഭവിക്കാതിരിക്കുവാനും ഉണർന്നിരുന്നു പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു.

ഇന്നത്തെ ശത്രുക്കളുടെ വേദനാജനകമായ കൂരമ്പുകളെ തടയുന്നതിന് പുറത്തുള്ള ശക്തികളെ എതിരിട്ടാൽ മാത്രമാവില്ല. ഉള്ളിലുള്ളവർ സ്വയം ശാക്തീകരിക്കുകയും സ്വയം വിശുദ്ധീകരിക്കുകയും വേണം. സഭാമക്കൾ, പ്രത്യേകിച്ച് നേതൃത്വശുശ്രൂഷയിലുള്ളവർ ഇക്കാര്യത്തിൽ നിതാന്തജാഗ്രത പാലിക്കുകയും സ്വയം തിരുത്തുകയും വേണം. നവമാധ്യമങ്ങൾ വിമർശനവിധേയമാക്കുന്ന ആഡംബരജീവിതം, പ്രസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും സുസ്ഥിരതയ്ക്കും വളർച്ചയ്ക്കുമായുള്ള അമിതവ്യഗ്രത, ആദ്ധ്യാത്മികരംഗങ്ങളെക്കാൾ ഭൗതികമാത്രപ്രസക്തമായവയോടുള്ള ആവേശം തുടങ്ങിയവ മാധ്യമസൃഷ്ടികൾ എന്നു പറഞ്ഞ് തള്ളിക്കളയാനാവില്ല.

സഭയിൽ നിയമനിർമ്മാതാക്കളും വ്യാഖ്യാതാക്കളും നിയമപാലകരും വിധിയാളന്മാരും സഭാനേതൃത്വംതന്നെ എന്നത് മാനുഷികതലത്തിൽ മഹാവിപത്തായി ഭവിക്കാം. ആദ്ധ്യാത്മികനേതൃത്വമാണ് സഭയ്ക്കുള്ളത്. കാരണം സഭ ഈ ലോകത്തിലെ ആത്മീയയാഥാർത്ഥ്യമാണ്. ഈ സത്യത്തിനു വിരുദ്ധമായി ആത്മീയശബ്ദത്തെക്കാൾ ഭൗതികമാത്രപ്രസക്തമായ ശബ്ദകോലാഹലങ്ങൾ

സഭയിൽ മുഴങ്ങുന്നു എന്നത് സഭയുടെ ബലഹീനതയ്ക്കു കാരണമാകുന്നു.

സഭയെ വിമർശനവിധേയമാക്കുന്ന കാര്യങ്ങൾ ആത്മീയതലങ്ങളിലുള്ളവയെ ആധാരമാക്കിയുള്ളവയല്ല എന്നത് നാം ശ്രദ്ധിക്കണം. സഭാനേതൃത്വത്തിനും വൈദികസമൂഹത്തിനും മനുഷ്യരെന്ന നിലയിൽ തെറ്റുപറ്റാമെന്ന് അവർതന്നെ അംഗീകരിക്കണം. അപ്പോൾ മാത്രമേ തിരുത്തപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുകയുള്ളു.


സഭയുടെ സ്വരം ഏകയോഗമായി അവതരിപ്പിക്കാൻ സഭയ്ക്കിന്നാവണം. സഭയുടെ ദൗത്യം സുവിശേഷപ്രഘോഷണമാണ്. അത് സത്യത്തിന്റെ പ്രഘോഷണമാണ്. സത്യം വെളിച്ചമാണ്. അതിനാൽ സഭയുടെ പ്രഘോഷണവും സാക്ഷ്യവും അന്ധകാരത്തെ അകറ്റുന്നതും ലോകത്തിനു പ്രകാശവഴി തെളിക്കുന്നതുമാകണം. അന്ധകാരശക്തികൾ സ്വാഭാവികമായും സഭയ്ക്കെതിരെ നിലപാടുകൾ എടുക്കും. എന്നാൽ സത്യത്തിനു വിട്ടുവീഴ്ച സാധ്യമല്ല. കോമ്പ്രമൈസ് എന്നത് സത്യത്തിനു വിരുദ്ധമാണ്. കരുണ കാട്ടുക എന്നതിന് കോമ്പ്രമൈസ് ചെയ്യുക എന്ന അർത്ഥം ഒരിടത്തും ഇല്ല. അത് സത്യത്തിന്റെ മാർഗമല്ല. കരുണയിൽ സത്യം ബലി കഴിക്കുകയല്ല. സത്യവിരുദ്ധരെയും സത്യത്തിലേക്ക് ആനയിക്കുന്നതിനുള്ള ഹൃദയവിശാലതയാണ് കാരുണ്യം. അവിടെ ആരെയും മാറ്റിനിർത്തില്ല; ആർക്കെതിരെയും വാതിലടയ്ക്കില്ല.

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./ അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192



# "ഫലമേകുവാൻ"

ഷിജി പറപ്പള്ളിയാത്ത്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**കൈ**ത്താക്കാലം/ ഫലാഗമന കാലം - നിറഫലങ്ങളുടെ നിറഞ്ഞ കരങ്ങളുമായി നിൽക്കേണ്ട കാലം. ഒരിക്കൽ ഈശോ തന്റെ യാത്രക്കിടയിൽ മുന്തിരിത്തോട്ടത്തിലെ അത്തിവൃക്ഷത്തോട് ഫലങ്ങളുടെ കാലമല്ലാതിരുന്നിട്ടും ഫലം ചോദിച്ചു. എപ്പോൾ ചോദിച്ചാലും ഫലം നിറച്ചിരിക്കാനാണ് നമ്മെയും അവിടുന്ന് വിളിച്ചത്. നിൽക്കുന്ന ഇടങ്ങളിൽ ഫലം നല്കാൻ നാം കടപ്പെട്ടവരാണ്. ലോകത്തിന്റെ ഏതു ഭാഗത്തു നിലയുറപ്പിച്ചാലും ഏതു പ്രതിബന്ധങ്ങളിലൂടെ കടന്നുപോയാലും ഫലം നിറയ്ക്കാൻ സഭയ്ക്ക് സാധിക്കുമെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. ചരിത്രത്തിന്റെ ഇരുൾവീണ കാലത്തു പിറന്ന ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും വിശുദ്ധരുടെയും ചുടുനിണത്തിന്റെ നിറശോഭയുണ്ടതിൽ. ഇടറാത്ത പാദങ്ങളോടെ ആത്മീയതയുടെ പടവുകൾ ചവിട്ടിക്കയറിയാൽ അത്ഭുതങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കും. സഭയുടെ തുടർന്നുള്ള വളർച്ചയും ഫലമൊരുക്കലും നമ്മിലോരോരുത്തരിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. സഭാതനയർ വിശ്വാസത്തിലും വിശുദ്ധിയിലും വളർന്നാൽ സഭ വളരും. ത്യാഗത്തിന്റെയും ധീരതയുടെയും ചൈതന്യം നിറഞ്ഞ വ്യക്തിത്വങ്ങൾ രൂപീകരിച്ചെടുക്കാൻ ഇന്നത്തെ പരിശീലന തലങ്ങൾക്ക് കഴിയണം. കുറെയേറെ തത്ത്വങ്ങൾ, പ്രസ്താവനകൾ, ഹൃദയചെപ്പിൽ ഉരുവിടാൻ ചില സൂക്തങ്ങൾ എന്നിവ മാത്രം പഠിപ്പിക്കലല്ലത്. പുതിയൊരു ജീവിതക്രമം രൂപീകരിച്ചെടുക്കലാണത്. "എന്നെ അനുഗമിക്കുക" (മത്താ 4,4) എന്നത്രെ ഈശോ പറഞ്ഞത്. അനുഗമിക്കേണ്ടവന്റെ അവകാശ

മാണ് കുരിശുവഹിക്കലും. ആധുനികതയുടെ കളിപ്പാട്ടമായി അപരനെ രസിപ്പിക്കുന്ന, സുഖിപ്പിക്കുന്ന വാക്കുകൾ പറഞ്ഞാൽ ഏവർക്കും സ്വീകാര്യമാകില്ല. പകരം നന്മയുടെ പക്ഷം ചേരണം. അപ്പോൾ വേദനിച്ചെന്നു വരും; രക്തം വിയർത്തെന്നു വരും. വളരുന്ന തലമുറ വായിച്ചറിയുന്ന ഏറ്റവും നല്ല പാഠപുസ്തകങ്ങളായി തീരുവാൻ നമുക്കു സാധിക്കണം. വിശ്വാസത്തിൽ ആഴപ്പെട്ടതിന്റെ നിറഞ്ഞ കലവറ അവർക്ക് നല്കുവാൻ കഴിയുന്നുണ്ടോ എന്നത് ചിന്തനീയംതന്നെ. പുണ്യങ്ങളും മൂല്യങ്ങളും നിറഞ്ഞ ജീവിത വ്യക്തിത്വങ്ങൾക്കായിട്ടാണ് ആധുനികസഭ ചുടുനിണമൊഴുക്കേണ്ടത്. പ്രതിസന്ധിഘട്ടത്തിൽ പകച്ചും പതറിയും നിൽക്കുന്ന തലമുറ നിമിഷസുഖത്തിന്റെ മയക്കത്തിൽ പതിക്കാതിരിക്കാൻ ഇന്നിന്റെ മക്കൾ ശ്രദ്ധിക്കണം.

പരി.പിതാവ് ഫ്രാൻസിസ് മാർപാപ്പാ "സ്നേഹത്തിന്റെ ആനന്ദം" എന്ന ശ്ലൈഹിക പ്രബോധനത്തിൽ പറയുന്ന വാക്കുകൾ ഏറെ ശ്രദ്ധേയമാണ്. "നമ്മുടെ കുഞ്ഞുങ്ങൾ ശാരീരികമായി എവിടെയാണെന്നോ, ഒരു നിശ്ചിതസമയത്ത് ആരുടെ കൂടെയാണെന്നോ അല്ല, മറിച്ച്, അവർ നിലപാടുകളിൽ എവിടെയാണെന്നാണ്; തങ്ങളുടെ ബോധ്യങ്ങളുടെയും ലക്ഷ്യങ്ങളുടെയും ആഗ്രഹങ്ങളുടെയും സ്വപ്നങ്ങളുടെയും കാര്യത്തിൽ അവർ എവിടെ നിൽക്കുന്നു എന്നതാണ് യഥാർത്ഥ ചോദ്യം. നമ്മുടെ കുഞ്ഞുങ്ങൾ തങ്ങളുടെ യാത്രയിൽ യഥാർത്ഥത്തിൽ എവിടെയാണെന്ന് മനസ്സിലാക്കുവാൻ നാം ശ്രമിക്കുന്നുണ്ടോ? അവരുടെ ആത്മാവ് എവിടെയാണെന്നു നാം ശരിക്കും അറിയുന്നുണ്ടോ? സർവ്വോപരി, അതറിയാൻ നാം ആഗ്രഹിക്കുന്നുണ്ടോ?" (AL 26).

ആധുനിക ലോകത്തിന് അടയാളമായി നിൽക്കുന്നു എന്നു പറയുവാൻ തക്കവിധം നമ്മുടെ ജീവിതശൈലി ക്രമീകരിക്കണം. ഇതിന് കുടുംബത്തിൽ ആദ്യശ്രമം നടത്തേണ്ടിയിരിക്കുന്നു. അങ്ങനെ വളരുന്നവർ സഭയിലും സമൂഹത്തിലും ജീവാത്മകമായ ഫലം നല്കുന്നവരാകും. വിശ്വാസത്തിന്റെ വളക്കൂറുള്ള മണ്ണിൽ വേരുപിടിച്ച്, ചുടുനിണത്തിന്റെ നനവിൽ വളർന്ന് മുപ്പത്, അറുപത് നൂറുമേനി ഫലം നല്കാൻ നമുക്കു സാധിക്കണം. ഫലമേകാൻ ഒത്തൊരുമിക്കാം.

*കൈത്താക്കാലത്തിലെ ഒന്നാം ഞായർ 12 ശ്ലീഹന്മാരുടെ തിരുനാളായി ആഘോഷിക്കുന്നു. നൂസർദേൽ (ദൈവത്തിന്റെ തിരുനാൾ) എന്നും ഈ ഞായറാഴ്ച അറിയപ്പെടുന്നു.*

# കരതാരിൽ കനകപ്രഭയോടെ..



**ജിജി പുല്ലത്തിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

"അന്നത്തെ ബലിയിൽ നിറകണ്ണുകളോടെ പ്രാർത്ഥനാവിഷയമാക്കിയത് പശ്ചിമേഷ്യയിലെ ക്രൈസ്തവ വംശഹത്യയെപ്പറ്റി ശ്രീ ജോസ് ആൻഡ്രൂസ് ദീപികയിലെഴുതിയ ലേഖനപരമ്പരയാണ്...

"കമാൽ യൂസഫ് എന്ന ക്രൈസ്തവന്റെ വീട്ടിൽനിന്നുള്ള നിലവിളി ഇങ്ങുദൂരെ ഈ ദൈവാലയത്തിൽ ഇരിക്കുമ്പോഴും കർണ്ണപുടങ്ങളിൽ മുഴങ്ങുകയാണ്. ഐ. എസ് ഭീകരർ കുടുംബാംഗങ്ങളുടെ കൺമുമ്പിലിട്ട് അദ്ദേഹത്തെ വെടിവെച്ചുകൊന്നു. സീനായ് പ്രവിശ്യയിൽ ഫെബ്രുവരിയിലെ ഏഴാമത്തെ കൊലപാതകമായിരുന്നു അത്. 23 ന് ഒരു ക്രൈസ്തവ ഭവനത്തിലെത്തിയ ഭീകരർ പിതാവിനെ വെടിവെച്ചും മകനെ ജീവനോടെ കത്തിച്ചും കൊന്നു. തൊട്ടടുത്ത ദിവസം ഒരാളെ വെടിവെച്ചശേഷം അയാളുടെ മകളെ കുത്തിക്കൊന്നു. നിഷ്ഠൂരകൊലപാതകങ്ങൾക്കെല്ലാം കാരണം ഒന്നുമാത്രം. ഇരകൾ ക്രൈസ്തവരായിപ്പോയി. ഏതു നിമിഷവും ശിരസ്സ് അറുക്കപ്പെടാവുന്ന, മാനഭംഗം ചെയ്യപ്പെടാവുന്ന, ചന്തയിൽ ലേലം ചെയ്ത് വില്ക്കപ്പെടാവുന്ന, വെറും ക്രിസ്ത്യാനി!!! നമ്മളിതു പറയുമ്പോഴും അവർ

ഭീകരതയുടെ മരുഭൂമികൾ മുറിച്ചു പലായനം ചെയ്യാൻ ശ്രമിക്കയാണ്'' (ദീപിക 2017, ഏപ്രിൽ 10 തിങ്കൾ)

കടുത്ത വേദനയോടെ റംശാ നമസ്കാരത്തിലെ പ്രാർത്ഥന ആവർത്തിച്ചു.

ദൈവമേ എന്റെ പ്രാർത്ഥന കേൾക്കണമേ...
കരുണാനിധിയാം നാഥാ നിന്നെ
തേടുന്നവരിൽ കൃപചൊരിയേണം
തിന്മയകറ്റാൻ പൊരുതുന്നവരേ
നിൻ കരതാരിൽ ചേർത്തരുളേണം
(കൈത്താ, ശനി റംശാ, ഓനീസാ ദക്ക്ദം)

ക്രൈസ്തവ മതപീഡനങ്ങൾ അനുനിമിഷം വർദ്ധിച്ചുവരുമ്പോൾ ക്രിസ്ത്യാനി മിശിഹായെപ്പോലെ സഹിക്കുകയാണ്...

വിശ്വാസത്തിനുവേണ്ടി ഇഞ്ചിഞ്ചായി കൊല്ലപ്പെടുകയാണ്...

അശരണർക്കും ആലംബഹീനർക്കും വേണ്ടി ആത്മബലിയാവുകയാണ്...

തിന്മയ്ക്കെതിരെ പൊരുതി രക്തസാക്ഷിത്വം വരിക്കുകയാണ്...

രക്തസാക്ഷിത്വം വരിച്ച രക്ത ദീപങ്ങൾ കർത്താവിന്റെ കരതാരിൽ കനകപ്രഭയോടെ കത്തിജ്വലിക്കുകയാണ്... അതിലൊരു രക്ത പുഷ്പം അൾത്താരവണക്കത്തിനരികെ...

തന്നെ ഇഞ്ചിഞ്ചായി കൊലപ്പെടുത്തിയവനെ കർത്താവിനായി നേടിയെടുത്ത കർത്താവിന്റെ മണവാട്ടി...

കൊലപാതകിക്കു മാപ്പുകൊടുത്ത് ക്രിസ്തീയതയുടെ നേർസാക്ഷ്യമായ മാതാപിതാക്കളുടെ പൊന്നോമനപ്പുത്രി...!!!

മാരകമായ അർബുദത്തെ അതിജീവിച്ച് തീക്ഷ്ണതയോടെ ശുശ്രൂഷ നിർവഹിക്കുവാൻ കാരണം 'ചേച്ചിയുടെ' മാദ്ധ്യസ്ഥ്യമാണെന്ന് ഏറ്റുപറയുന്ന അനുജത്തി...!!!

സാധാരണക്കാരിൽ സാധാരണക്കാർക്കു വിദ്യാഭ്യാസവും തൊഴിലും ലഭ്യമാക്കുന്നതുൾപ്പെടെയുള്ള സാമൂഹ്യഇടപെടലുകൾക്ക് നേതൃത്വം വഹിച്ച കർമ്മധീരയായ കന്യാസ്ത്രീ...

അധഃസ്ഥിത സമൂഹത്തിന്റെ വളർച്ചയ്ക്കായി നടത്തിയ കർമ്മോത്സുക പ്രവർത്തനങ്ങൾ സ്ഥലത്തെ ജന്മിമാരെ കോപിഷ്ഠരാക്കി... കന്യാസ്ത്രീയെ കശാപ്പുചെയ്യാൻ അവർ കണ്ടെത്തിയ വാടകക്കൊലയാളിയായിരുന്നു സമന്ദർസിംഗ്...

ഇൻഡോർ-ഉദയ്നഗർ ബസ് യാത്രയ്ക്കിടെ സമന്ദർസിംഗിന്റെ കത്തി ക്ലാരിസ്റ്റ് കന്യാസ്ത്രീയുടെ ശരീരത്ത് 54 പ്രാവശ്യം ഉയർന്നുതാണു...!!!

ഈശോയുടെ മണവാട്ടി ഈശോയ്ക്കു വേണ്ടി രക്തസാക്ഷിയായി...!!!

അതെ, 'ഇൻഡോറിന്റെ രക്തപുഷ്പം സിസ്റ്റർ റാണിമരിയ വാഴ്ത്തപ്പെട്ട രക്തസാക്ഷി പദവിയിലേക്ക്...'

മദ്ധ്യപ്രദേശിലെ ആദിവാസിക്കുഞ്ഞുങ്ങൾക്ക് അക്ഷരവെളിച്ചം പകർന്ന സിസ്റ്റർ റാണി മരിയ സ്വർഗ്ഗത്തിലിരുന്ന് അനേകർക്ക് വിശ്വാസത്തിന്റെ വെളിച്ചം പകരുകയാണ്...

ഇൻഡോറിൽ കൊളുത്തിയ വിശ്വാസദീപം ആയിരങ്ങളിലേക്ക് എത്തിക്കഴിഞ്ഞു എന്നതിന്റെ തെളിവാണ് ജാതിമതവർഗ്ഗവർണ്ണ ഭേദമെന്യേ അതിർവരമ്പുകൾ ഭേദിച്ച് സിസ്റ്ററിന്റെ കബറിടത്തിലേക്ക് ഒഴുകിയെത്തുന്ന ആയിരങ്ങൾ...!!!

സിസ്റ്റർ റാണിമരിയയെ വാഴ്ത്തപ്പെട്ട രക്തസാക്ഷിയായി പ്രഖ്യാപിക്കാനുള്ള തിരുസംഘത്തിന്റെ ശുപാർശയിൽ ഫ്രാൻസിസ്

പ്രതീക്ഷയുടെ
## പൂമൊട്ടുകൾ

മാർപ്പാപ്പ ഒപ്പുവെച്ചു.

വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഇൻഡോറിന്റെ രക്തപുഷ്പം ഉയർത്തപ്പെടുന്ന തീയതി പ്രഖ്യാപിക്കുന്നത് വിശ്വാസസമൂഹം കാത്തിരിക്കുമ്പോൾ, ഇറാക്കിലും സിറിയയിലും ഈജിപ്തിലും ക്രൈസ്തവ വിശ്വാസത്തിനു വേണ്ടി നിഷ്ഠൂരമായി വധിക്കപ്പെടുന്ന, നമ്മുടെ പ്രിയപ്പെട്ടവരെ കരതാരിൽ കാക്കണമേയെന്ന് കർത്താവിനോടു പ്രാർത്ഥിക്കാം...

അങ്ങനെ ഈ പീഡകളുടെ കാലത്ത് (മത്താ 10:16-22) അവസാനം വരെ സഹിച്ചുനിന്നുകൊണ്ട് ഇൻഡോറിന്റെ രക്തപുഷ്പത്തെപ്പോലെ ഈശോയ്ക്കുവേണ്ടി കർമ്മധീരരാകാം. നശ്വരമായ ഈ ലോകത്തിൽ രക്തസാക്ഷികളുടെ ചുടുനിണത്താൽ വളർന്ന സഭയുടെ അംഗങ്ങളായ നമുക്ക് കർത്താവ് പകർന്നുനല്കുന്ന വിശ്വാസവെളിച്ചത്തിൽ ജീവിച്ച്, മരിച്ച് അവിടുത്തോടൊപ്പം സ്വർഗ്ഗീയാനന്ദത്തിൽ നിത്യം വാഴാം.

"നിസ്തുല ദിവ്യവെളിച്ചത്തിൽ
നിത്യം വാഴും സകലേശാ
പരിചോടാ നൽ പരിവേഷം
പകരണമേ മമഹൃദയത്തിൽ

(കൈത്താക്കാലം - ശനി
ഓനീസാ ദ്സപ്രാ)

**കൈത്താ എന്ന പദത്തിന്റെ അർത്ഥം വേനൽ എന്നാണ്.**




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre
Manganam P.O., , Kottayam - 686 018, Ph: 0481-2578192**

# ഇത്തിൾക്കണ്ണിയുടെ ആദ്ധ്യാത്മികത



**ജിസ കൂട്ടിയാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**വ**ർഷത്തിലെ 365 ദിവസവും ഇളം പിങ്ക് നിറത്തിലുള്ള കൊച്ചു പൂക്കളുണ്ടാകുന്ന ആ ചെടി എല്ലാവരുടെയും ശ്രദ്ധാകേന്ദ്രമായിരുന്നു. വേനലെന്നോ മഴയെന്നോ വ്യത്യാസമില്ലാതെ ആ കൊച്ചു ചെടി തന്റെ കടമ നിർവ്വഹിച്ചുപോന്നു. അതിൽ കടന്നുകൂടിയ ഒരു ഇത്തിൾക്കണ്ണിയാണ് ഇവിടെ പ്രതിപാദ്യവിഷയം. തനിക്കിരിക്കാനായി കിട്ടിയ തായ്ത്തണ്ടിൽ, അതിന്റെ തൊലിപൊട്ടിച്ച്, വേരുകൾ ആഴ്ത്തി ആ ചെടിയുടെ ജീവരസം ഊറ്റിയെടുത്ത് ഇത്തിൾക്കണ്ണി ആർത്തുവളർന്നു. പക്ഷേ, ഒരിക്കൽപോലും തായ്ച്ചെടിയിലെ പിങ്ക് പൂക്കൾ ഇത്തിൾക്കണ്ണിയിലുണ്ടായില്ല എന്നതാണ് യാഥാർത്ഥ്യം. ഇത്തിൾ ക്കണ്ണിയുടെ ഉള്ളിലൊഴുകുന്ന ജീവരക്തം അതിന്റെ സ്വഭാവത്തിൽ മാറ്റമൊന്നുമുളവാക്കിയില്ല. സ്വന്തം ജീവൻനിലനിർത്തുക എന്നതിലുപരി മറ്റൊരു ഉദ്ദേശ്യം ഇത്തിളിനില്ലല്ലോ.

ഇന്നത്തെ ക്രിസ്ത്യാനിയുടെ ആദ്ധ്യാത്മികജിവിതം ഇത്തിൾക്കണ്ണിയുടെ ആദ്ധ്യാത്മികതയായി തരംതാണുവോ എന്നതാണിവിടെ ചിന്താവിഷയം. തായ്ച്ചെടിയുടെ ജീവരസം

പ്രതീക്ഷയുടെ
# പൂമൊട്ടുകൾ

മുഴുവനും ഊറ്റിക്കുടിച്ചാലും ഫലം പുറപ്പെടുവിക്കാത്ത ഒരു നിഷ്ക്രിയത്വം. ഇന്ന് ആദ്ധ്യാത്മിക പരിപാടികൾക്ക് യാതൊരു കുറവുമില്ല. അടിക്കടി വിവിധ രൂപത്തിലും ഭാവത്തിലും അവ വളർന്നു തന്നെ വരുന്നു. അതിൽ പങ്കുചേരുന്നവരുടെ എണ്ണം കുറയുകയല്ല ദിനംപ്രതി കൂടുകയത്രേ ചെയ്യുന്നത്. എന്നാൽ അതിനു തക്കസാക്ഷ്യ ജീവിതമോ, ജീവിത നവീകരണമോ, മാനസാന്തരമോ കാണുന്നില്ല എന്നതാണ് ദുഖസത്യം.അത് മറ്റൊന്നും കൊണ്ടല്ല, പങ്കുചേരുന്നവരുടെ മനോഭാവം കൊണ്ടുതന്നെ. ഫലം പുറപ്പെടുവിക്കുക എന്നതിനെക്കാൾ തൻകാര്യം നടക്കണം എന്ന ഇത്തിൾക്കണ്ണിയുടെ ഉദ്ദേശ്യം പോലെ ജീവിതംകൊണ്ടു സാക്ഷ്യം നല്കാനല്ല, സ്വന്തം കാര്യസാധ്യമാണിവിടെ പ്രധാനം.

വൃക്ഷത്തെ ഫലം കൊണ്ടു തിരിച്ചറിയാം എന്നതാണ് ഗുരുഭാഷ്യം. ചീത്തഫലം നല്കുന്ന നല്ല വൃക്ഷമോ, നല്ല ഫലം നല്കുന്ന ചീത്തവൃക്ഷമോ ഇല്ലല്ലോ(ലൂക്കാ 12,33-37). മുന്തിരിച്ചെടിയിൽ നില്ക്കാതെ ശാഖയ്ക്ക് ഫലം പുറപ്പെടുവിക്കാനാവില്ല എന്നതും ഗുരു നല്കുന്ന തിരിച്ചറിവാണ് (യോഹ 15,4). 3 വർഷം കൂടെ നടന്നിട്ടും ഗുരുവിന്റെ ഗുണങ്ങൾ ഒന്നും സ്വീകരിക്കാനാവാതെ ജീവനൊടുക്കിയ യൂദാസും നമ്മുടെ മുന്നിൽ ഫലം നല്കാത്ത വൃക്ഷം തന്നെ. പണസഞ്ചിയിൽ മാത്രമായിരുന്നല്ലോ അവന്റെ കണ്ണും.

ഈ കൈത്താക്കാലം ക്രിസ്ത്യാനികളെന്നു അഭിമാനിക്കുന്ന നമ്മുടെയും കണ്ണുതുറപ്പിക്കട്ടെ. സഭയുടെ വളർച്ചയെയും, പ്രേഷിത ഫലങ്ങളെയും അനുസ്മരിക്കുന്ന ഈ കാലത്ത് മിശിഹായുടെ ശിഷ്യത്വം എന്നിൽ എന്തുമാത്രം ഫലമുളവാക്കി എന്നത് നമുക്ക് ചിന്തയ്ക്ക് വിഷയമാകട്ടെ. അനുദിനം വി. കുർബാനയും കൂദാശകളും നമുക്ക് പോഷണമായി തീരുമ്പോഴും നല്ല ഫലം പുറപ്പെടുവിക്കുന്നില്ലെങ്കിൽ നാമും വെട്ടിമാറ്റപ്പെട്ട ശാഖപോലെയാകും എന്നതിൽ സംശയം വേണ്ട. നമ്മുടെ മനോഭാവം മാറുന്നില്ലെങ്കിൽ, സ്വന്തം കാര്യം മാത്രമാണ് നമ്മുടെ ഏക ഉത്കണ്ഠയെങ്കിൽ നാമും ഇത്തിൾക്കണ്ണിയും തമ്മിൽ എന്തു വ്യത്യാസം?!

***പൗരസ്ത്യസഭകൾക്ക് ഏറെ പ്രാധാന്യമുള്ള ഒരു തിരുനാളാണ് രൂപാന്തരീകരണ തിരുനാൾ. മാമ്മോദീസാ വഴിയായി മിശിഹായോട് ഐക്യപ്പെട്ട ഓരോ ക്രിസ്ത്യാനിയും അവിടുത്തെ സാദൃശ്യത്തിലേക്കു വളരുവാനും അവിടുത്തെ മഹത്ത്വത്തിൽ പങ്കാളികളാകുവാനുമാണ് വിളിക്കപ്പെട്ടിരിക്കുന്നത് എന്ന് ഈ തിരുനാൾ നമ്മെ അനുസ്മരിപ്പിക്കുന്നു.***




**ഫാ. ഷിബു പുളിക്കൽ**
നെറൂൾ, കല്യാൺ രൂപത

**വ**നിക്കുള്ള മരുന്ന് പുറത്തുനിന്ന് വാങ്ങണമെന്നു പറഞ്ഞുകൊണ്ട് ഡോക്ടർ കുറിച്ചുതന്ന കുറിപ്പുമായി മെഡിക്കൽഷോപ്പിൽ എത്തിയതായിരുന്നു ഞാൻ. മരുന്നുവാങ്ങി പുറത്തിറങ്ങിയപ്പോഴാണ് മൊബൈൽ റീചാർജ് ചെയ്യേണ്ട കാര്യം ഓർമ്മയിൽ വന്നത്. നോക്കിയപ്പോൾ കണ്ടു. തേടിയ വള്ളി കാലിൽ ചുറ്റിയിരിക്കുന്നു! 'ആകാശ് മൊബൈൽ ഷോപ്പ്' എന്നു പേരെഴുതിയ ആ കടയിലേക്കു റോഡ് മുറിച്ചു ഞാൻ കടന്നുചെന്നു. കടയിലെ ബോർഡിലേക്കും കടയ്ക്കുള്ളിലേക്കും മാറി മാറി നോക്കി ഒരു നിമിഷം ഞാനങ്ങനെ നിന്നുപോയി. കാരണം, മൊബൈലിനു പകരം, കടയിൽ വിൽക്കാൻ വച്ചിരിക്കുന്നത് പലതരം പച്ചക്കറികളായിരുന്നു. പണ്ടെങ്ങോ അത് ഒരു മൊബൈൽ ഷോപ്പായിരുന്നത്രെ. കടയുടെ പുതിയ ഉടമസ്ഥൻ എന്തുകൊണ്ടോ ആ ബോർഡ് മാറ്റാൻ വിട്ടുപോയി. എന്നെപ്പോലെ, എത്രയോ പേർ ആ കടയിൽ പോയി നിരാശരായി തിരിച്ചുപോയിട്ടുണ്ടായിരിക്കുമെന്ന് ഞാൻ അത്ഭുതപ്പെട്ടു.

ആ സമയം എന്റെ മനസ്സിലൂടെ, മർക്കോസിന്റെ സുവിശേഷം 11-ാം അദ്ധ്യായം 12 മുതലുള്ള വാക്യങ്ങൾ തെളിവോടെ കടന്നുപോയി. അവൻ കടന്നുപോകുമ്പോൾ അവനു വിശന്നു. വഴിയരികിൽ ഒരു അത്തിവൃക്ഷം കണ്ട് അതിൽ പഴങ്ങൾ ഉണ്ടോ എന്ന് അന്വേഷിച്ച് അവൻ അതിനടുത്തെത്തി. എന്നാൽ അതിൽ ഇലകളല്ലാതെ പഴങ്ങൾ ഉണ്ടായിരുന്നില്ല.

ഇന്ന് എല്ലാം അഭിനയമാണ്. എന്തിന്, സ്നേഹംപോലും പലപ്പോഴും ഇന്നഭിനയമായി മാറിക്കൊണ്ടിരിക്കുന്നു എന്നുവേണം കരുതാൻ. സ്നേഹിക്കുന്നുവെന്ന് തോന്നിയാൽ മതിയോ? സ്നേഹിക്കണ്ടേ? ബോർഡിൽ എന്താണോ എഴുതിവച്ചിരിക്കുന്നത് അത് കടയിൽനിന്ന് ലഭിക്കണ്ടേ? തീരുമാനം നിങ്ങളുടേതു മാത്രമാണ്.....




**ഷീലമ്മ പൂതക്കുഴി**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഒന്നാം ദിവ്യരഹസ്യം**

പൂർണമായും ദൈവഹിതത്തിന് അടിയറവു വച്ച പരി. അമ്മയെ നമുക്കു ധ്യാനിക്കാം

മറുവാക്കുകളൊന്നും പറയാതെ പൂർണമായും വിട്ടുകൊടുത്ത പരി. അമ്മേ, സ്വയം നിയന്ത്രിക്കുവാനും സംയമനം പാലിക്കുവാനും, നിന്റെ തിരുഹിതം നിറവേറട്ടെ എന്ന് ഏറ്റുപറയുവാനും ഞങ്ങൾ പ്രാപ്തരാകുന്നതിനായി അമ്മേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം**

തന്റെ ദാരിദ്ര്യത്തിലും അനേകരെ സമ്പന്നരാക്കിയ പരി. അമ്മയെ നമുക്കു ധ്യാനിക്കാം.

പരി. അമ്മേ, ദൈവമാതാവേ, ജീവിതത്തിന്റെ ഏതു മേഖലകളിലുമുള്ള ദാരിദ്ര്യത്തിലും തളർന്നു പോകാതെ ദൈവകൃപയുടെ കരുത്തിൽ അമ്മയെപ്പോലെ മുന്നോട്ടുപോകുവാൻ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**

എപ്പോഴും ഹൃദയത്തിൽ ദൈവസ്നേഹാഗ്നി കാത്തുസൂക്ഷിച്ച പരി. അമ്മയെ നമുക്കു ധ്യാനിക്കാം.

കത്തിജ്ജ്വലിക്കുന്ന സ്നേഹാഗ്നിജ്വാലയായ ഈശോയുടെ ഹൃദയത്തിൽനിന്നും ആവോളം പാനം ചെയ്ത് ആ അഗ്നിയാൽ അനേകരെ പ്രകാശിപ്പിക്കുവാൻ ഞങ്ങൾ പ്രാപ്തരാകുന്നതിനായി അമ്മേ, ഞങ്ങൾക്കുവേണ്ടി തിരുക്കുമാരനോടു പ്രാർത്ഥിക്കണമേ. *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**

സദാ പ്രവർത്തനനിരതയായിരുന്ന പരി. അമ്മയെ നമുക്കു ധ്യാനിക്കാം.

പരിശുദ്ധ ദൈവമാതാവേ, അലസതകൂടാതെ പ്രാർത്ഥിക്കുവാനും ആ ചൈതന്യത്തിൽ സദാ പ്രവർത്തനനിരതരാകുവാനും മടുപ്പുകൂടാതെ കൊടുക്കുവാനും ഞങ്ങൾ പ്രാപ്തരാകുന്നതിനായി അമ്മേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**

തിരുക്കുടുംബത്തിൽ പ്രാർത്ഥനാചൈതന്യം നിറച്ച പരി. അമ്മയെ നമുക്കു ധ്യാനിക്കാം.

പ്രാർത്ഥനയുടെ ശക്തിയാൽ ഞങ്ങളുടെ ഹൃദയങ്ങളും കുടുംബങ്ങളും സമൂഹവും നിറയുവാനും അങ്ങനെ നന്മനിറഞ്ഞ ഒരു നാളെയെ കെട്ടിപ്പടുക്കുവാനും ഞങ്ങൾ പ്രാപ്തരാകുന്നതിനായി പരി. അമ്മേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**നമുക്കു പ്രാർത്ഥിക്കാം**

അമ്മേ, മാതാവേ, ഏതു ജീവിതാനുഭവത്തിലും ദൈവകരം ദർശിക്കുവാനും മടുപ്പുകൂടാതെ പ്രാർത്ഥിക്കുവാനും അമ്മയെപ്പോലെ ദൈവത്തിൽ ആനന്ദിക്കുവാനും പൂർണമായും ദൈവകരങ്ങളിൽ വിട്ടുകൊടുത്തുകൊണ്ട് ദൈവരാജ്യത്തിന്റെ വക്താക്കളാകുവാനും ഞങ്ങളെ പ്രാപ്തരാക്കണമേ.



വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ
ഞങ്ങൾക്ക് നല്കണമേ

# Spirituality Centre Programme

**August**

| | |
|---|---|
| 05-06 | Social Animators |
| 08 | Seminar for Priests |
| 08-09 | Cenacle Gathering (Sodales&Aspirants) |
| 12 | School of Bible |
| 19 | Recollection for Apostolic Oblates |

**September**

| | |
|---|---|
| 02 | Social Animators |
| 09 | School of Bible |
| 16 | Recollection for Apostolic Oblates |
| 20 | Bible Study Forum |
| 20-21 | Cenacle Gathering (Sodales&Aspirants) |
| 21 | Family Gathering |
| 29 | St. Michael's Day Celebration |
| 28-Oct 1 | Retreat for Apostolic Oblates |

RNI: KERMAL/2014/59983
Published on
24th July 2017

PRATHEEKSHAYUDE POOMOTTUKAL
(Malayalam Monthly)

Registered: KL/KTM/72/2015-17
Licence No: KL/CR/KTM/WPP-43/2015-17
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"നിർമ്മലഹൃദയത്തിൽ
വചനം വേരൂന്നും
സത്ഫലമുളവാക്കും.
വചനം കേട്ടു ഗ്രഹിക്കുമ്പോൾ
നല്ലനിലം ഫലപൂരിതമായ്
മുപ്പതുമറുപതുമൊരുനൂറും
മേനിയതുളവാക്കിടുന്നു
അതുപോൽ നാം ഫലമേകിടേണം"
(എന്താനാ, കൈത്താക്കാലം-വ്യാഴം)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O,
Kottayam - 686 018, Printed at WiGi Printers, Manganam P.O,
Kottayam - 686 018, Ph:0481- 2570862, Email; wigipress @ gmail. com and Published
at Spirituality Centre, Manganam P.O, Kottayam - 686 018,Ph:0481- 2578192, Email; psmktm @ gmail com.
Editor : Fr. Mathew Vellanickal